Registered No. M-4485 Madras War Review, Malayalam—31-3-1944

UNIVERSITY LIBRARY MADRAS

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 മാർച്ച് 31-ാംനു, വെള്ളിയാഴ്ച [ലക്കം 30



## മഹത്തായ കർമ്മം

റെഡ് ക്രോസ്, സെയിൻറ് ജോൺ എന്നീ സംഘങ്ങൾ സമ്മേളിച്ച് മനുഷ്യ ജീവിതത്തിൽ അതിമഹത്തായ ഒരു കർമ്മം, ആർത്തത്രാണനം, ചെയ്തുവരുന്നു.

രോഗികൾക്കും മുറിയേററവർക്കും വേണ്ട സുഖസൌകര്യങ്ങൾ ചെയ്യുന്നതിന്ന് പുറമെ ശത്രുക്കളുടെ കയ്യിൽ പെട്ടിട്ടുള്ള യുദ്ധത്തടവുകാർ അനുഭവിച്ചുവരുന്ന കഷ്ടതകളെ കഴിയുന്നത്ര ചുരുക്കുവാനുള്ള ഏർപ്പാടുകളും ഇവർ ചെയ്തുവരുന്നു.

മദിരാശിയിലെ ജനങ്ങൾ ഇനിയും അവരുടെ അനന്യസാധാരണമായ ദയാബുദ്ധിയും അനുഭാവവും ഇക്കാര്യത്തിൽ പ്രദർശിപ്പിക്കുമെന്നുള്ള പൂർണ്ണബോദ്ധ്യത്തോടുകൂടി ഈ അഭ്യർത്ഥന ഞാൻ അവരുടെ സമക്ഷം വെക്കുന്നു.

ബഹുമാനപ്പെട്ട മദ്രാസ് ഗവർണ്ണർ സേർ ആർതർ ഹോപ്പ്,

1944 മാർച്ച് 7-ാം തിയ്യതി.

## ഉള്ളടക്കം


| | ഭാഗം |
|---|---|
| മഹത്തായ കർമ്മം .. .. .. | 1 |
| പാവങ്ങൾ .. .. .. .. | 3 |
| തടവുകാർ, സങ്കടങ്ങൾ, പാർസല്പകൾ, സമ്മാനങ്ങൾ. | 3, 4 |
| റഡ് ക്രോസ്സ് വാർത്ത .. .. .. | 5 |
| ഫിൻലണ്ട് .. .. .. .. | 6 |
| യുദ്ധലേഖകന്മാർ .. .. .. | 7, 8 |
| ദേശീയസമരമുന്നണിയുടെ സജീവ പ്രവർത്തനം .. | 9 |
| മലപ്പുറം നേർച്ച .. .. .. | 10 |
| പാലാട്ട കോമൻ .. .. .. | 11,12 |



# എച്ച്. പി. പി.

### കച്ചവടക്കാരൻ വില്ക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ

നിയമപ്രകാരം അധീനമാക്കിയ ഭക്ഷണസാധനങ്ങൾ മുതലായവയൊഴികെ—ഒരു കച്ചവടക്കാരൻ വല്ല സാധനവും വില്ക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ അവൻ 1943ലെ സംഭരണാതിലാഭകല്പനയുടെ 9-ാം വകുപ്പുപ്രകാരം കുററക്കാരനാണ്. അങ്ങിനെയുള്ള കുററങ്ങളെപ്പററി ഉൾനാട്ടിൽ കമേർസ്സിയൽ ടാക്സ് ഓഫീസർക്കും മദിരാശിപ്പട്ടണത്തിൽ സിവിൽ സപ്ലൈ കമ്മിഷണർക്കും റിപ്പോർട്ട് ചെയ്യുക.

ഓർമ്മിക്കുക. ഈ കല്പന വിജയമാകേണമെങ്കിൽ ഓരോരുത്തരും ഓരോ ഇൻസ്പക്ടരെപ്പോലെ പ്രവൃത്തിക്കണം.





# ചില്ലറ സൂക്ഷിപ്പ് മാർഗ്ഗം

---

**ദേശീയ സൂക്ഷിപ്പ് സർട്ടിഫിക്കേററുകൾ :**

ഇന്ത്യാസർക്കാറിൻെറ ഉറപ്പിന്മേലുള്ളതും നല്ല പലിശ കിട്ടുന്നതുമായ ഒരു മുതൽ മുടക്കുമാകുന്നു ഇതു്. ഇതു് യുദ്ധത്തെ സംബന്ധിച്ച ഒരു ഏർപ്പാടല്ല.

ഇതു് യുദ്ധകാലത്തിൽ മാത്രമല്ല അതിന്നുശേഷവും വളരെ കാലത്തേക്കും രാജ്യത്തിൻെറ ഒട്ടാകെയുള്ള അഭിവൃദ്ധിയെ ലാക്കാക്കിക്കൊണ്ടുള്ളതാണ്.

സംഖ്യാവിവരം.—10ക., 50ക., 100ക., 500ക., 1,000ക.

കൊല്ലത്തിൽ നൂററിന്നു് $4\frac{1}{6}$ക. പലിശ കിട്ടുന്നതാണ്.

പന്ത്രണ്ടു കൊല്ലങ്ങൾക്കുശേഷം കാലാവധി തികയുന്നു.

നിങ്ങളുടെ 10ക. അപ്പോൾ 15ക. യായി വർദ്ധിച്ചിരിക്കും. മൂന്നു കൊല്ലങ്ങൾക്കുശേഷം എപ്പോൾ വേണമെങ്കിലും സർട്ടിഫിക്കേററു് പണമാക്കി മാററാം.

ആദായനികുതി ഇല്ലാത്തതാണ്.

തപാലാപ്പീസ്സുകളിൽനിന്നും, സേവിങ്ങ്സ്സ് ബീറോവിൽനിന്നും അധികാരപ്പെട്ടത്തീട്ടുള്ള ഏജണ്ടുമാർ വക്കൽനിന്നും കിട്ടുന്നതാണ്. അധികാരപ്പെട്ടത്തീട്ടുള്ള ഏജണ്ടുമാരുടെ സഹായം എപ്പോഴും വെറുതെ കിട്ടും.

ഇതേവരെ സൂക്ഷിപ്പിന്നുള്ള മാർഗ്ഗമില്ലാത്ത വളരെ ആളുകൾക്കു് സൂക്ഷിപ്പിന്നുള്ള ഒരു നല്ല സന്ദർഭമാണ്.

നിങ്ങളുടെ ഭാവിയെ ഇപ്പോൾത്തന്നെ ഉറപ്പിക്കുക.

ദേശീയ സർട്ടിഫിക്കേററുകൾ ഉടനെ വാങ്ങുക.



# എസ്. എസ്. എസ്.

### ചില്ലറ സൂക്ഷിപ്പു പദ്ധതി

ഓരോ "ദേശീയ സമ്പാദ്യപത്രവും" ആദായനികുതിയിൽനിന്നു ഒഴിവാക്കിയതാണ്.—

വാങ്ങിവെക്കുന്നതു രക്ഷ.
പൊന്നിനേക്കാൾ ഉറപ്പ്.
വാങ്ങുന്നതു് എളുപ്പം.
പലിശയധികം.
ഭാവിയിൽ ഭയംവേണ്ട.

ദേശീയ സമ്പാദ്യപത്രങ്ങൾ വാങ്ങുക.



# ഹിററ്ലരം മുസ്സോളിനിയും പേനാസ്റ്റാണ്ടുകൾ

ഹിററ്ലരുടെയും മുസ്സോളിനിയുടേയും വടിവിലുള്ള പേനാസ്റ്റാണ്ടുകൾ ചിങ്കൽപേട്ടയിലെ സെൻറ് ജോസഫ്സ് സ്കൂളിൽ നിർമ്മിച്ചു വച്ചിരിക്കുന്നു. ഒരു ജോടിക്കു വില 1 ക., ഒന്നിനു് 8 ണ.

അപേക്ഷിക്കേണ്ടും മേൽവിലാസം :—

**The Principal an1 Correspondent,**
*St. Joseph's High School,*
*Chingleput.*

# യുദ്ധസഞ്ചിക

## ആഴ്ചപ്പതിപ്പ്

1944 മാർച്ച് 31-ാംനു-, വെള്ളിയാഴ്ച


## പാവങ്ങൾ

ജീവകാരുണ്യം ഒരു നല്ല പദമാണ്.

അതിൻെറ ആകൃതിക്കുതന്നെ ഒരാളുടെ മനസ്സിനെ കോപം, വൈരം, പ്രതീകാരം എന്നീ വികാരങ്ങളിൽനിന്ന് സഹതാപം, ദയ, സഹായം എന്നിവയിലേക്കു തിരിക്കുവാൻ മതിയായ സൌകുമാര്യമുണ്ട്.

മദിരാശിയിൽവെച്ച് രണ്ടാഴ്ചയോളം ഓരോ ദിവസവും ഓരോ നിമിഷം മനുഷ്യൻെറ സ്വഭാവരൂപീകരണത്തിലുള്ള മേല്പറഞ്ഞ മൃദുല വികാരങ്ങളെപ്പററി പറയുന്നതായാൽ സദാചാരബോധത്തിന്നു് ഹാനി വരുന്നതല്ല.

ഇന്നത്തെ പത്രങ്ങളിൽ ഏതൊ ഒരു രാജ്യം അരലക്ഷം ജനങ്ങൾ പെട്ടെന്നു് നശിച്ചുപോകുമെന്നു് സങ്കടത്തോടും എന്നാൽ അഭിമാനത്തോടും പ്രതീക്ഷിക്കുന്നുണ്ട്. അങ്ങിനെ അരലക്ഷം പേരെക്കൂടി ഏഴു കടലിലും, മൂന്നു വൻകരയിലും, അനവധി ദ്വീപുകളിലും, ആകാശവീഥിയിലും നാലു കൊല്ലത്തെ 'രക്തയുദ്ധത്തി' ൻെറ ഫലമായുണ്ടായ നാശസംഖ്യയിൽ ചേർക്കേണ്ടതായിരിക്കുന്നു.

ഇതു് ഏതു രാജ്യമാണെന്നുള്ളതിരിക്കട്ടെ ; പല രാജ്യങ്ങളും ഇതേ പ്രതീക്ഷയോടെ ഇരിക്കുന്നുണ്ട്. നാശത്തിൻെറ മുക്കാൽ ഭാഗവും മരണം തന്നെയായിരിക്കും.

എന്നാൽ മരിക്കുന്നവരും, പെട്ടെന്നുണ്ടാകുന്ന മരണത്തിൽനിന്നു രക്ഷപ്പെടാമെന്നവരും അനേകായിരമുണ്ട്. അവരുടെ രാജ്യവും മററും അറിയേണമെന്നില്ല. അവർ മനുഷ്യരാണ്—ചെറുപ്പക്കാർ, ശക്തന്മാർ, ധീരന്മാർ—അവർ ഒന്നുകിൽ ദീനക്കാരായിരിക്കും, അല്ലെങ്കിൽ മുറിയേററവരായിരിക്കും, തടവുകാരായിരിക്കും.

അവർക്ക് ലോകമാസകലവും വ്യാപിച്ചിരിക്കുന്ന റെഡ്ക്രോസ്സ്, സെൻറ്ജോൺസ് എന്നിവരുടെ സകല സഹായങ്ങളും ഇപ്പോൾ ആവശ്യമായിരിക്കുന്നു. മേലാലും അങ്ങിനെതന്നെ.

ഈ സ്ഥാപനങ്ങൾ അവരെക്കൊണ്ടു് കഴിയുന്നതു് മഹനീയമായി ചെയ്യുന്നുണ്ട്. പക്ഷെ വേണ്ടിടത്തോളം അവർക്കു സാധിക്കുന്നില്ല. അവർക്ക് ധനസഹായം വേണം, അടിയന്തരമായിട്ട് !!

അവർക്കു ഇക്കൊല്ലത്തേക്കുമാത്രം—ഇന്ത്യക്കു മാത്രമായി, മൂന്നു കോടി ഉറപ്പിക വേണം അവരുടെ പ്രതീക്ഷകൾ നിറവേററാൻ—പ്രതീക്ഷിക്കാത്തതു് വേറെയും.

മദിരാശിക്കാർ സഹായിക്കും, സഹായിക്കണം.

പാവങ്ങൾക്കു വേണ്ടി

## തടവുകാർ, സങ്കടങ്ങൾ, പാർസലുകൾ, സമ്മാനങ്ങൾ.

ശത്രുക്കൾ തടവുകാരായി പിടിച്ചാൽ എങ്ങിനെയിരിക്കുമെന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ ? നാലു ഭാഗവും ഇരിമ്പുകമ്പിയിട്ട ഒരു തടവു മുറിയിലിരിക്കുക, സ്വാതന്ത്ര്യമില്ലാതിരിക്കുക, കാവൽക്കാർ ചുററുമുണ്ടായിരിക്കുക, ഭക്ഷണം കഷ്ടി, പിന്നെ അനവധി അസൌകര്യങ്ങൾ ഇതാണ് സ്ഥിതി.

ആകപ്പാടെ നിരാശയും ഫലശൂന്യതാബോധവുമാണ് യുദ്ധത്തടവുകാർക്കുള്ള അനുഭവം.

സുഖപ്രദമായ ഗൃഹങ്ങൾ, ഇഷ്ടജനങ്ങൾ, കുടുംബങ്ങൾ, നല്ല ജോലി ഈവക എല്ലാം വിട്ടു് യുദ്ധസേവനത്തിന്നു് ത്യാഗബുദ്ധിയോടുകൂടി ചേർന്നതാണ്. എന്തുകൊണ്ട് ? തടവുകാരൻെറ രാജ്യം ശത്രുക്കളുമായി നില്ക്കക്കളളിക്കു വേണ്ടി യുദ്ധം ചെയ്യുകയാണ്.

ഒന്നും ചെയ്യാൻ നിവൃത്തിയില്ലാതെ ദൂരെയുള്ള ഇഷ്ടജനങ്ങളേയും പലതും ത്യജിച്ച് പരിപാലിക്കേണ്ട ഒരു പരമോദ്ദേശത്തിന്നുവേണ്ടി, യുദ്ധം ചെയ്യുകൊണ്ടിരിക്കുന്ന സഹോദരന്മാരേയും വിചാരിച്ചിരിക്കുന്ന തടവുകാരുടെ സ്ഥിതിയോർക്കുക.

തണുപ്പു കാലമായിരിക്കാം. മററു സങ്കടങ്ങൾക്കു പുറമെ, വസ്ത്രങ്ങൾ, പുതപ്പുകൾ ഇവ കുറവായിരുന്നാൽ തടവുകാർക്ക് തണുത്തു വിറച്ച് മനസ്സുഖമില്ലാതിരിക്കുകയേ തരമുള്ളു.

ദിവസം കഴിയുംതോറും, സമയം പോക്കാൻ ഒന്നുമില്ല. രണ്ടു തവണ ഭക്ഷണം കിട്ടും, ഒരു അപ്പക്കഷണവും, സൂപ്പും, രാവിലെയും വൈകുന്നേരവും. ഇതിന്നു വ്യത്യാസമൊന്നുമില്ല. ഒന്നു രണ്ടു ദിവസം കഴിച്ചുകൂട്ടാം. എന്നും ഇത്തരത്തിലാണെങ്കിൽ !

റെഡ്ക്രോസ്സ്, സെൻറ്ജോൺ സംഘങ്ങൾ ഈ നിലക്ക് മാററം വരുത്തിട്ടുണ്ട്. ഓരോ തടവുകാരനും, ഓരോ ആഴ്ചയും ഭക്ഷണപദാർത്ഥങ്ങൾ നിറഞ്ഞ ഓരോ ബങ്കി കിട്ടുന്നതാണ്. അതു കിട്ടുമ്പോൾ അവ

രുടെ സന്തോഷമെത്രയായിരിക്കും? തങ്ങളുടെ നാട്ടുകാർ അവക്കു വേണ്ടി യുദ്ധം ചെയ്യുന്നവരും ശത്രുവിന്നധീനമായവരും ആയ തങ്ങളെ മറന്നിട്ടില്ലെന്നു് ബോധമുണ്ടാകുന്നതു് തന്നെ ആശ്വാസപ്രദമല്ലെ?

ഇന്ത്യയിലെ റെഡ്ക്രോസ്സ്, സെൻറ്ജോൺ സംഘങ്ങൾ അവരുടെ ബ്രിട്ടീഷ് ശാഖകളിലേക്കു പണമയക്കുന്നു. അവർ ഇന്ത്യൻ സൌകര്യ ഫണ്ടുകാരായിച്ചേർന്ന് ഭക്ഷണ സാധനങ്ങൾ വാങ്ങി പാർസലാക്കി ജനീവയിലേക്കയക്കുന്നു. അവിടത്തെ സർവ്വദേശീയ റെഡ് ക്രോസ്സിൻെറ കീഴിൽ ഈ പാർസലുകൾ കാരാഗൃഹങ്ങളിലേക്കു അയക്കാനായി ഒരു വലിയ സ്ഥാപനമുണ്ടു്.

ഇന്ത്യക്കാർക്കു ജാതിഭേദം കൂടാതെ കഴിക്കാവുന്ന ഭക്ഷണമാണു് ഈ പാർസലുകളിലുള്ളതു്. അവരുടെ വീടുകളിൽ ശീലിച്ചിട്ടുള്ള പരിപ്പ്, കറിക്കൂട്ട്, ഉപ്പ്, ഫലങ്ങൾ, ഉണക്കിയ പച്ചക്കറികൾ, മത്സ്യം, ചോക്കലററ്, പഞ്ചസാര എന്നിവയാണു്.

ഈ പാർസലുകൾ തടവുകാർ ആർത്തിയോടെ കാത്തിരിക്കുന്നുണ്ടെന്നുള്ളതിലേക്കു അവരിൽനിന്നു കിട്ടുന്ന കത്തുകൾ ദൃഷ്ടാന്തമാണു. ഈ പാർസലുകൾ കിട്ടാത്തപക്ഷം അവരിൽ മിക്കവരും മരിച്ചുപോകുമായിരുന്നു.

ഇങ്ങിനെ പാർസലുകൾ ഇനിയും അയച്ചുകൊണ്ടിരിക്കണമെന്നുണ്ടോ? സാധിക്കുമോ?

തീർച്ചയായും, പൊതുജനങ്ങൾ ധനസഹായം ചെയ്യുന്നേടത്തോളം കാലം അയക്കാൻ സാധിക്കും. ഓരോ പാർസലിന്നും 7½ ഉറുപ്പിക വില വരുന്നുണ്ടു്. യൂറോപ്പിലുള്ള തടവുകാർക്കു ഭക്ഷണത്തിന്നുമാത്രമായി 1½ ലക്ഷം ഉറുപ്പിക ഒരാഴ്ചയിൽ ചിലവാകുന്നുണ്ടു്.

ഭക്ഷണ സാധനങ്ങൾമാത്രമല്ല, വസ്ത്രങ്ങളും ആറു മാസത്തിലൊരിക്കൽ അയക്കാറുണ്ടു്. തലവാരി (സിക്കുകാർക്കു പ്രത്യേകം), കണ്ണാടി, സോപ്പ് എന്നി ഉപകാരമുള്ള മററു സാധനങ്ങളും അയക്കാറുണ്ടു്.

പുസ്തകങ്ങൾ, വിനോദസാധനങ്ങൾ സംഗീതോപകരണങ്ങൾ എന്നീ സാധനങ്ങളും, നേരംപോക്കിന്നും വിദ്യാഭ്യാസത്തിന്നുമായി അയക്കുന്നുണ്ടു്. യുദ്ധത്തടവുകാർ പലരും പഠിച്ച് പരീക്ഷകൾ പാസ്സാവുന്നുമുണ്ടു്.

ഇവക്കു പുറമെ ക്രിസ്തുമസ്സ് കാലത്തു ഇന്ത്യയിലും ഇംഗ്ലണ്ടിലും ധാരാളം ജനങ്ങൾ സ്നേഹിതന്മാർക്കു സമ്മാനമയക്കുന്നുണ്ടല്ലൊ. തടവുകാർക്കു മധുര പദാർത്ഥങ്ങൾ അപ്പോൾ അയക്കാറുണ്ടു്. ആഘോഷസമയങ്ങളിലും അവരെ മറന്നിട്ടില്ലെന്നു് അവക്കു അപ്പോൾ ബോദ്ധ്യമാവുമല്ലൊ.

ഇങ്ങിനെ കിഴക്കൻ പ്രദേശങ്ങളിലേക്കു് പാർസലുകൾ അയക്കുവാൻ പ്രയാസമായിരിക്കുന്നു. ജാപ്പാൻകാർ ഈ വിഷയത്തിൽ നമ്മോടു സഹകരിക്കുന്നില്ല. സർവ്വദേശീയ റെഡ്ക്രോസ്കാരുടെ പ്രതിനിധികളെ കാരാഗൃഹങ്ങളിലേക്കു് പോകാനൊ, തടവുകാരിൽ ദുർല്ലഭം ചിലരെയൊഴികെ കാണാനൊ അനുവദിക്കാറില്ല. തടവുകാരുടെ ഒരു പട്ടികയും അവരയക്കുന്നില്ല. തടവുകാർ എവിടെയാണെന്നുതന്നെ നമുക്കറിഞ്ഞുകൂടാ. എന്നാലും കഴിയും വിധത്തിൽ ഭക്ഷണ സാമഗ്രികളും, വസ്ത്രങ്ങളും മരുന്നുകളും കപ്പലിൽ കയററി അയക്കുന്നുണ്ടു്. ഇവയിൽ ചില കപ്പലുകൾ അവിടെ എത്തീട്ടുണ്ടെന്നും, തടവുകാർക്കു സാധനങ്ങൾ കൊടുത്തിട്ടുണ്ടെന്നും ഞങ്ങൾക്കറിവു കിട്ടീട്ടുണ്ടു്. ഇനിയും ഞങ്ങളുടെ പരിശ്രമം തുടരുന്നതാണു്. നിങ്ങളുടെ സഹായം പക്ഷെ അത്യാവശ്യമാണു്.

കപ്പലിൽ സാമാനങ്ങൾ കയററാനും പാർസൽ അയക്കാനും ധാരാളം ചിലവുണ്ടെന്നു് പറയേണമെന്നില്ലല്ലൊ. ദിവസന്തോറും ആവശ്യങ്ങളും വർദ്ധിക്കുകയാണു്. റെഡ് ക്രോസ്സ്, സൻറ് ജോൺ സംഘങ്ങൾ സംഭാവനകളെ ആശ്രയിച്ചു മാത്രം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണു്. അതുകൊണ്ടു് നിങ്ങൾ വീട്ടിലിരുന്നു സ്വാതന്ത്ര്യമനുഭവിച്ച് സുഖഭക്ഷണം ധാരാളം ചെലുത്തുമ്പോൾ യുദ്ധത്തടവുകാരെ സ്മരിക്കുക, കയ്യയച്ചു് ഇടക്കിടക്കു സഹായിക്കുക. അവരെ സഹായിക്കുവാൻ ഞങ്ങളെ സഹായിക്കുക.



ജെനറൽ ക്രൈസ്റ്റിസൻ



തടവുകാരനായി പിടിച്ച ജാപ്പാൻകാരൻ

# റെഡ് ക്രോസ്സ് വാരം




ഇയ്യിടെയായി റെഡ് ക്രോസ്സ് സെയിൻറ് ജോൺ എന്നീ സംഘങ്ങൾ യോജിച്ചു ചെയ്യേണ്ടുന്ന യുദ്ധപ്രവൎത്തനങ്ങളെപ്പററിയും അതിന്നായി ഒരാഴ്ച വിനിയോഗിക്കേണ്ടതിനെപ്പററിയും പത്രങ്ങളിൽ പല പരസ്യങ്ങളും ഉണ്ടായിരുന്നു. ഇന്ത്യയിൽ മിക്ക സ്ഥലത്തും ഇങ്ങിനെയൊരാഴ്ച കൊണ്ടാടുന്നതു് ജനുവരി 30-ാം തിയ്യതി മുതല്ക്കു ഫിബ്രുവരി 6-ാം തിയ്യതിവരെയാണു്. ചില പ്രദേശങ്ങളിൽ മററവസരങ്ങളിലും ഇതിനെ സംബന്ധിച്ച അഭ്യൎത്ഥന ചെയ്യാറുണ്ടു്. അതിലൊന്നാണു് മദിരാശി. ഇങ്ങിനെ ചെയ്യുന്നതു് സമയം മാററണമെന്ന ഒരാഗ്രഹംകൊണ്ടല്ല. ഈ അഭ്യൎത്ഥന 'യുദ്ധസമ്പാദ്യ' (War Savings) ത്തെപ്പററിയുള്ള പ്രചരണവുമായി കൂട്ടിമുട്ടുന്നതിനാലാണു്. സമ്പാദ്യത്തിൻെറ ആവശ്യം റെഡ് ക്രോസ്സിന്നുള്ള സഹായംപോലെ അത്യാവശ്യമാണെങ്കിലും രണ്ടിന്നുമുള്ളഭ്യൎത്ഥന പൊതുജനങ്ങളോടു് ഒരേസമയത്തു ചെയ്യുന്നതു ആശാസ്യമല്ല. അതുകൊണ്ടു് റെഡ് ക്രോസ്സിനെ സംബന്ധിച്ച അഭ്യൎത്ഥന മദിരാശി സംസ്ഥാനത്തിൽ ഏപ്രിൽ 1-ാം തിയ്യതി മുതല്ക്കു് തുടങ്ങി റെഡ് ക്രോസ്സ് ഞായറാഴ്ചയായ 16-ാം തിയ്യതി അവസാനിക്കുന്നതാണു്.

ഈ ഏകോപിച്ച സംഘടനയെപ്പററി പല ചോദ്യങ്ങളും ചോദിക്കാറുണ്ടു്. ഒന്നു്, എന്തിനാണു റെഡ് ക്രോസ്സ് സെയിൻറ് ജോൺ സംഘമായി യോജിക്കുന്നതു് എന്നു്? ഒരേ പ്രവൃത്തി രണ്ടു സംഘംകൂടി എന്തിനാണു് ചെയ്യുന്നതു്? ദീനക്കാരേയും മുറിയേററവരേയും ശുശ്രൂഷിക്കുക എന്ന ഉദ്ദേശം രണ്ടു സംഘത്തിനുമുണ്ടു്. എന്നാൽ സെയിൻറ് ജോൺ സംഘം സ്ത്രീപുരുഷന്മാരെ, പ്രഥമ ശുശ്രൂഷകരായും ധാത്രികളായും പരിശീലിപ്പിച്ചിട്ടാണു് അവരുടെ ഉദ്ദേശം നിൎവ്വഹിക്കുന്നതു്. എന്നാൽ റെഡ് ക്രോസ്സാകട്ടെ ദീനക്കാൎക്കു ആസ്പത്രി സാമഗ്രികൾ ശേഖരിച്ചും മററു സുഖസൌകൎയ്യങ്ങൾ ചെയ്തുകൊടുത്തിട്ടുമാണു് അവരുടെ കാൎയ്യം നടത്തുന്നതു്. ഈ രണ്ടു പദ്ധതിയും ബന്ധപ്പെട്ടതാണെന്നും എന്നാൽ വിഭിന്നമാണെന്നും ഉള്ളതിലേക്കു് സംശയമില്ല. യുദ്ധപ്രവൎത്തനവും റെഡ് ക്രോസ്സും തമ്മിൽ എന്താണു് ബന്ധമെന്നും ചോദിക്കാറുണ്ടു്. ഇന്ത്യൻ റെഡ് ക്രോസ്സ് സംഘം ഇന്ത്യയിലെ നിയമനിൎമ്മാണസമിതി അംഗീകരിച്ച ഒരു പ്രമേയത്തിന്നനുസൃതമായി പ്രവൎത്തിക്കുന്ന ഒരു സ്ഥാപനമാണു്. അതിൻെറ സംഘടന വ്യവസ്ഥയും, അംഗങ്ങളെപ്പററി ചട്ടങ്ങളും, വ്യാപ്തിയും അതുപ്രകാരം നിശ്ചിതമായിട്ടുണ്ടു്. ഇന്ത്യയിലെ ദുരിതനിവാരണമാണു് അതിൻെറ പ്രവൃത്തി. അതു നടത്തുന്നതു് മാതാക്കളുടേയും കുട്ടികളുടേയും ഇടയിൽ പരിശ്രമം, ആരോഗ്യ വിദ്യാഭ്യാസം, വെള്ളപ്പൊക്കം, ക്ഷാമം എന്നീ ആപത്തുകൾ വരുമ്പോൾ സങ്കട നിവാരണപരിശ്രമം എന്നീ പരിപാടികൾ മുഖാന്തരമാണു്. സംയുക്ത യുദ്ധ സംഘടന (National War Organization) ഒരു താല്ക്കാലികവും നിബന്ധനകൾ കുറഞ്ഞതുമായ ഒരു സ്ഥാപനമാണു്. യുദ്ധംകൊണ്ടുണ്ടാവുന്ന സങ്കടാവസ്ഥകൾ പരിഹരിക്കുക എന്ന മഹനീയോദ്യമത്തിന്നായി ഏൎപ്പെടുത്തിയതുമാണു്. ഇന്ത്യൻ റെഡ് ക്രോസ്സുമായി യാതൊരു ബന്ധവും ഇതിന്നില്ല. ഒരേ വ്യക്തികൾ രണ്ടിന്നുംവേണ്ടി പലപ്പോഴും പരിശ്രമിക്കാറുണ്ടെങ്കിലും അതിൻെറ പരിപാടിയും ഇന്ത്യയുടെ അതിൎത്തിയെ അതിലംഘിക്കുന്നവയാണു്. മദ്ധ്യധരണ്യാഴി, പേർസ്യ, ഇറാക്കു്, ഏഡൻ, സിലോൺ എന്നീ വിദേശങ്ങളിലുള്ള ഇന്ത്യൻ ആസ്പത്രികൾക്കു് സാമഗ്രികൾ ശേഖരിച്ചുകൊടുക്കുന്നുണ്ടു്. അത്ര മാത്രമല്ല, ദക്ഷിണ പൂൎവ്വേഷ്യയിലെ യുദ്ധത്തിലേൎപ്പെട്ടിട്ടുള്ള എല്ലാ ഭടന്മാൎക്കും—അവർ എവിടെയായാലും വേണ്ടുന്ന ആസ്പത്രി സാധനങ്ങൾ കൊടുക്കേണ്ട ചുമതലയുമുണ്ടു്. ഇതു് ചില്ലറ പ്രവൃത്തിയല്ല. ഞങ്ങൾക്കു് പണവും വേണം.

മറെറാരു ചോദ്യവും കൂടിയുണ്ടു്. എന്തുകൊണ്ടു് ഗവൎമ്മേണ്ടിന്നു് എല്ലാ ഏൎപ്പാടുകളും ചെയ്തുകൂടാ? നാമെന്തിനാണു് ഇതു ചെയ്യുന്നതു്? ശരി, പല കാരണങ്ങളാലും ഒന്നാമതു് ആസ്പത്രികൾക്കു ക്രമപ്രകാരം അയച്ചുകൊടുക്കുന്ന സാമഗ്രികൾ ആവശ്യത്തിന്നു് മതിയാകുന്നില്ല—മതിയാകാൻ നിവൃത്തിയില്ല. എന്നാൽ അതുകൊണ്ടു് തൃപ്തിപ്പെട്ടു് നമുക്കു് കൈകെട്ടിയിരിക്കാമോ? ജനങ്ങളെ ആ വക സൌകൎയ്യങ്ങളില്ലാതെ വിടാമോ? ആദൎശസ്ഥിതി വിഹിതം വ്യത്യാസപ്പെടുത്തുകയാണു്. പക്ഷെ അതിന്നു ഒന്നുകിൽ ഒരു ഭൂകമ്പമുണ്ടാകണം. അല്ലെങ്കിൽ ഒരത്ഭുതം സംഭവിക്കണം. അത്ഭുത സംഭവങ്ങൾ സാധിക്കാവുന്നവരെ സസന്തോഷം സ്വാഗതം ചെയ്യാവുന്നതാണു്. പക്ഷെ അതിനിടക്കു ആസ്പത്രികളിൽ എന്തെങ്കിലും ചെയ്തുകൊടുക്കേണമെന്നു് ഞങ്ങൾക്കു തോന്നുന്നു. പിന്നെ ഇതു് വേഗത്തിൽ വേണം. ആ വാക്കു തന്നെ മരുന്നുശാലക്കാൎക്കു പരിചയമില്ലാത്തതാണു്. സാധനങ്ങൾ അടിയന്തരമായി ആവശ്യമുണ്ടു്. അധികം മാമൂലുകൾ പരിപാലിക്കുന്ന സംഘമല്ല ഞങ്ങളുടേതു. അതുകൊണ്ടു സാധനങ്ങൾ വേഗത്തിലെത്തിക്കാൻ ഞങ്ങൾക്കു സാധിക്കും. അതിന്നുള്ള ഔദ്യോഗിക സമ്മതത്തെപ്പററി പിന്നീടു വാദിക്കാവുന്നതാണു്. സാമഗ്രികളുള്ള ആസ്പത്രികളിൽ കൂടി രോഗികൾക്കു വിനോദങ്ങൾ, പാരായണത്തിന്നു പുസ്തകങ്ങൾ, കൈവേലകൾ എന്നീ സുഖസൌകൎയ്യങ്ങൾ, സമയം അനായാസേന പോകാൻ ചെയ്തുകൊടുക്കേണ്ടതുണ്ടു്. അതു കൂടാതെ കഴികയുമില്ല.

റെഡ് ക്രോസ്സുകാരുടെ മറെറാരു പ്രധാന വകുപ്പു് യുദ്ധത്തടവുകാൎക്കു് സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതാണു്. കഴിഞ്ഞ കൊല്ലം $1\frac{1}{2}$ കോടി ഉറുപ്പികക്കായിരുന്നു അഭ്യൎത്ഥന. അതു കിട്ടുകയും ചെയ്തു. ഇക്കൊല്ലം ആസ്പത്രികൾക്കു മാത്രം $1\frac{3}{4}$ കോടിയും തടവുകാൎക്കു $1\frac{1}{4}$ കോടിയും കൂടി മൊത്തത്തിൽ മൂന്നു കോടി വേണ്ടിവരുന്നതാണു്. അതിന്നു വേണ്ടിയാണു് ഈ അഭ്യൎത്ഥന പ്രത്യേകമായി പുറപ്പെടുവിക്കുന്നതു്. മദിരാശി 30 ലക്ഷം പിരിക്കാമെന്നു് ആശിക്കുന്നുണ്ടു്. സംഭാവനകൾ ഈ വിവരത്തോടുകൂടി റെഡ് ക്രോസ്സിനാണെന്നു് കാണിച്ചു ഗവൎണ്ണരുടെ യുദ്ധഫണ്ടിലേക്കോ സംയുക്ത യുദ്ധസംഘടനയുടെ പ്രാദേശിക വകുപ്പായ സംയുക്ത യുദ്ധധൎമ്മസ്ഥാപനത്തിലേക്കൊ (Banqueting Hall, Government House) അയച്ചാൽ മതി. രണ്ടാമത്തതിലേക്കു അയക്കുമ്പോഴും റെഡ് ക്രോസ്സിനാണെന്നു് കാണിച്ചേക്കണം. ഞങ്ങൾക്കു് ഒരാഴ്ചക്കുമാത്രമല്ല സഹായമാവശ്യമുള്ളതു്, എല്ലായ്പോഴും വേണം.

—യം. ഇ. എം



മലയിൽ ഞങ്ങളുണ്ടാക്കിയ റോഡുകൾ—മൌണ്ട് ഡൊം—ബൎമ്മ.




ഫിൻലണ്ടും ബാൾട്ടിക് രാജ്യങ്ങളും.

# യുദ്ധലേഖകന്മാർ

മിസ്റ്റർ ടി. എ. വി. നാഥൻ മദിരാശി പ്രക്ഷേപണ കേന്ദ്രത്തിൽനിന്ന "സാമാന്യലക്ഷ്യ" പരമ്പരയിൽ ചെയ്ത ഒരു പ്രസംഗം



മി. കെ.പറിക്കി.

ഒരു ദിവസം ഒരു മണിക്കൂർ സമയം വൃഥാ കളഞ്ഞു കൊണ്ടിരിക്കേ, യാദൃശ്ചികമായി ഒരു പുസ്തകത്തിന്റെ ഏടുകൾ ഞാനിങ്ങനെ മറിച്ചു കൊണ്ടിരുന്നു. അതു ഫ്രാൻസിനെപ്പററിയുള്ള ഒരു പുസ്തകമായിരുന്നു. എനിക്കു രസം പിടിച്ചു. പരന്ത്രീസുകാരുടെ അധഃപതന കഥ ഏററവും ലളിതഭാഷയിൽ വിസ്തരിച്ചിട്ടുണ്ട്. ജർമ്മൻകാർ അവിടെ പ്രവേശിച്ചപ്പോൾ അവിടെയുണ്ടായിരുന്ന ഒരാളാണ് അതെഴുതിയിരിക്കുന്നതു്. അന്നവിടെ നടന്ന സകല സംഗതികൾക്കും അയാൾ ദൃക്സാക്ഷിയാണ്. "പരന്ത്രീസുകാർ കൈ പിന്നാക്കം കെട്ടിക്കൊണ്ടാണ് കീഴടങ്ങിയതു്" എന്നെഴുതിയിരിക്കുന്നു. 'യുദ്ധത്തിൽ ചേരുന്നതിനും,' 'എന്തായാലും സമാധാനം' എന്ന നിലയിലിരുന്ന ഒരു ഗവർമ്മെണ്ടിന്റെയും, അപ്രാപ്തരായ മേലാക്കന്മാരുടെയും ആജ്ഞകൾക്കു് വഴങ്ങുന്നതിനും, അവർ പ്രേരിതരായിത്തീർന്നു. അവരുടെ നേതൃത്വം വളരെ മോശമായിരുന്നു; എന്നാൽ ഒരവസരം കൊടുത്തിരുന്നെങ്കിൽ അവർ തന്നത്താൻ നയിക്കുവാൻ പ്രാപ്തരായിരുന്നു. പക്ഷെ പെട്ടെന്നും വേഗത്തിലും അതിന്നു ഭയമായിരുന്നെന്നുമാത്രമല്ല അതിനെ തടയാൻ കഴിവുള്ളതെല്ലാം അവർ ചെയ്യുകയും ചെയ്തു. അവരുടെ മനസ്സിടിഞ്ഞിട്ടില്ല, ജേതാക്കളുടെ കാൽ ചുവട്ടിൽ മൂകരായി കിടക്കുന്നുവെന്നുമാത്രമെയുള്ളു." 1935-40 വരെ പാരീസ്സിലെ റായിട്ടരുടെ പ്രതിനിധിയും, പരന്ത്രീസുകാരുടെ ആപത്ഘട്ടമായ 1940 ഏപ്രിൽ, മേ, ജൂൺ എന്നീ മാസങ്ങളിൽ അവരുടെ യുദ്ധലേഖകനുമായിരുന്ന ഗോർഡൻ വാട്ടർ ഫീൽഡിന്റെ വാക്കുകളാണിവ.

### ഒരു ബോമ്പർവിമാന യാത്രാനുഭവങ്ങൾ

ബോമ്പർ വിമാനയാത്രയെപ്പററിയുള്ള അദ്ദേഹത്തിന്റെ വിവരണം വായിക്കാൻ എനിക്കു വിശേഷിച്ചു കൌതുകമുണ്ടായിരുന്നു; എന്തുകൊണ്ടെന്നാൽ, അതു എന്റെ അനുഭവവുമായി അത്ര യോജിച്ചിരുന്നു. അദ്ദേഹം ശരിയായിട്ടുള്ള ഒരു ബോമ്പാക്രമണ സംഘത്തെ രാത്രിയിൽ അനുഗമിച്ചിരുന്നു എന്നും, ഞാനാകട്ടെ—പത്രപ്രവർത്തകന്മാർക്കു ബോമ്പാക്രമണവേളയിൽ ലോകത്തിലെ സ്ഥിതികാണാനുള്ള അവസരം കൊടുത്തതു് ഇന്ത്യയിൽ അന്നാദ്യമായിരുന്നെങ്കിലും—പകൽ നടന്ന ഒരു പരിശീലനയാത്രയാണനുഭവിച്ചതെന്നുമുള്ള വ്യത്യാസമുണ്ട്. "ഞങ്ങൾ വിമാനത്താവളത്തിൽ നിന്നു സാവധാനത്തിൽ മേല്പോട്ടു കയറി ഇരുപ്പുറപ്പിച്ചു, ഗതി തിരിപ്പിച്ചു, വീണ്ടും മെല്ലെ 5,000 അടി യുയർന്നു, മുററും രാത്രിയുടെ അന്ധകാരത്തിൽ യാത്ര തുടർന്നു. ഇതു ലണ്ടനിലെ ഒരു ബസ്സുയാത്രപോലെ അത്ര സാധാരണം—അഥവാ സംഭവരഹിതം—ആയിരുന്നു; പക്ഷെ, ഭീമമായ പാരച്ചൂട്ട് പിന്നിൽ കൂട്ടികെട്ടിയിരുന്നതുകൊണ്ടു് വിക്ടോറിയാ മഹാറാണിയുടെ കാലത്തുള്ളവരെപ്പോലെ കുത്തനെയിരിക്കേണ്ടിയിരുന്നതിനാൽ പ്രസ്തുത ബസ്സുയാത്രയേക്കാൾ സുഖം കുറഞ്ഞതായിരുന്നു." അതിന്നുശേഷം താൻ കണ്ടതും അനുഭവിച്ചതും എല്ലാം അദ്ദേഹം സജീവമായി വർണ്ണിക്കുന്നു. നാം തന്നെ അദ്ദേഹത്തിന്റെ സ്ഥാനത്തെന്നോ പാരച്ചൂട്ടിൽ തന്നെയെന്നോ തോന്നുമാറു എല്ലാം അത്ര യഥാർത്ഥമായിരിക്കുന്നു.

ജർമ്മൻകാരുടെ തള്ളിക്കയററത്തിന്റെ ഫലവർണ്ണനയിൽ, അഭയാർത്ഥികളുടെ അവസാനമില്ലാത്ത യാത്രയുടെ ഒരു ചിത്രം നമുക്കു ലഭിക്കുന്നുണ്ട്. ഫ്രഞ്ചുകാർ ആ യുദ്ധത്തിൽ എങ്ങിനെ തോററുവെന്നും; സ്ഥാവരമായ ഒരു അണിയിൽ നിന്നു യുദ്ധം ചെയ്യാനേല്പ്പിട്ടതിയതും, പഴയ രീതിയിൽ രൂപീകരിച്ചതുമായ സൈന്യം, പുതിയ രീതിയിൽ യന്ത്രയുദ്ധത്തിനു സന്നദ്ധരായ ഒരു ശത്രുവിനെ നേരിടുകയും, അണി അപ്രത്യക്ഷമാകയും ചെയ്തപ്പോൾ, ഉൗർജ്ജിതം ക്ഷയിച്ചു കീഴടങ്ങിയതെങ്ങിനെയെന്നും; അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്.

റഷ്യയിൽ ഏതാനും മാസക്കാലം നടന്നിരുന്നതിനോടു് ഈ സംഭവത്തെ താരതമ്യപ്പെടുത്തിനോക്കുക. ന്യൂസ് ക്രോണിക്കിളിന്റെ യുദ്ധലേഖകനായ പോൾവിന്റെർട്ടന്റെ വിവരണങ്ങളിൽ, ഏററവും വികസിതവും, ജംഗമവുമായ ഒരു സമരമുന്നണിയാൽ, തന്റെ ആയുധശക്തികൊണ്ടു മാത്രമല്ല, പിന്നെയോ കുറെക്കൂടി പ്രധാനമായ സേനാനായകന്മാരുടെ സമര നയത്താൽ, റഷ്യ എങ്ങിനെയാണ് തന്റെ ശത്രുവിനോടു യുദ്ധം ചെയ്യുന്നതെന്നു വിശദമാകുന്നുണ്ട്. കിഴക്കേ സമരമുഖത്തിൽ ചില അടവുകൾ കൂടി പ്രയോഗിക്കേണ്ടതുള്ളതിനാൽ, റഷ്യയുടെ അത്യത്ഭുതകരമായ എതിർപ്പിന്റെയും, നാസികളുടെ ക്രമം തെററിയ തിരിഞ്ഞോട്ടത്തിന്റെയും, പൂർണ്ണചരിത്രം ഇനിയും എഴുതേണ്ടതായിരിക്കുന്നതേയുള്ളു. യുദ്ധലേഖകന്മാർ അതിന്റെ എല്ലാവശങ്ങളും വിസ്തരിച്ചു ആഖ്യാനം ചെയ്യുന്നതായാൽ, ചെമ്പടയുടെ പരാക്രമങ്ങളിലടങ്ങിയ ആവേശവും, രസജന്യതയും വീണ്ടും ആവിഷ്കൃതമാകുന്നതായിരിക്കും. യുദ്ധം ചെയ്യുന്നതിന്നു മുൻപു തന്നെ കീഴടങ്ങിയ പരന്ത്രീസു സൈന്യത്തിൽനിന്നു വ്യത്യസ്തമായി, ശത്രുവിനോടു നിന്നെതിർത്ത ഒരു സൈന്യത്തിന്റെ വർണ്ണവികാരത്തോടുകൂടിയ ഒരു കഥയായിരിക്കും അതെന്നു പറയാം.

ചെമ്പടയുടെ വിക്രമനേട്ടങ്ങളാലോചിക്കുമ്പോൾ, വടക്കേ ആഫ്രിക്കയിലെ ജംഗമ സമര മുന്നണിയോടുകൂടി യുദ്ധം ചെയ്തു ജർമ്മൻകാരെ ഓടിച്ച എട്ടാം സൈന്യത്തിന്റെ പ്രവർത്തനങ്ങളോർമ്മയിൽവരുന്നു. ലണ്ടൻ ഡെയിലി എക്സ്പ്രസ്സിലെ അലൻ മൂർഹെഡായിരുന്നു ഇവിടത്തെ യുദ്ധലേഖകൻ. അദ്ദേഹത്തിന്റെ "മദ്ധ്യധരണ്യാഴി സമരമുഖം" എന്ന ഗ്രന്ഥം പലരുടേയും ശ്രദ്ധക്കു വിഷയീഭവിക്കുകയും, അതിന്നു ശേഷം, "ഒരു കൊല്ലത്തെയുദ്ധം" എന്ന് 1941 മുതൽ 42 വരെയുള്ള യുദ്ധചരിത്രം അടങ്ങിയ മറെറാരു പുസ്തകംകൂടി അദ്ദേഹം എഴുതുകയും ചെയ്തു. 1942ൽ ഏതാനുംകാലം മൂർഹെഡ് ഇന്ത്യയിലുണ്ടായിരുന്നു. യുദ്ധം തുടങ്ങിയതു മുതൽ അദ്ദേഹം മദ്ധ്യപൂർവ്വദേശങ്ങളിലായിരുന്നു; ഇടയ്ക്കിടക്കു് ഇംഗ്ലണ്ടും ഐക്യനാടുകളും സന്ദർശിച്ചിരുന്നുവെന്നുമാത്രം. വിമർശകദൃഷ്ടിയിൽ അദ്ദേഹം അസാമാന്യനായ ഒരു ലേഖനാണ്. പ്രസിദ്ധ സൈന്യാധിപന്മാരായ വേവൽ, ആക്കിൻലെക്കു് എന്നിവരെപ്പററി അദ്ദേഹം നൽകിയിരിക്കുന്ന വിവരണം ആ അഭിപ്രായത്തെ പിൻതാങ്ങുന്നുണ്ട്. മിക്ക യുദ്ധലേഖകന്മാർക്കും യുദ്ധരംഗങ്ങൾ തന്മയമായി ചിത്രീകരിക്കാനുള്ള സാമർത്ഥ്യമുണ്ട്. ഇന്നത്തെ യുദ്ധലേഖനങ്ങളിൽ വെച്ചു് എത്രയും മഹത്തായ ഒന്നായി കരുതിവരുന്നതു് ടോബ്രുക്ക് നിരോധശേഷം അദ്ദേഹം ചെയ്തിരിക്കുന്ന അതിന്റെ ഒരു വർണ്ണനയാണ്. "ടോബ്രുക്കിലെ ജനങ്ങളെ മററു ഭടന്മാരിൽ നിന്നു തിരിച്ചറിയാൻ കഴിയും...... അവരുടെ വസ്ത്രങ്ങൾ, തൊലി, പ്രത്യേകിച്ചു അവരുടെ മുഖം, ഇതെല്ലാം മണ്ണിന്റെപോലത്തെ നിറംകൊണ്ടു വികൃതമായിരുന്നു. അവരുടെ ഗതി മന്ദവും, തിട്ടവും, ശ്രമരഹിതവുമായിരുന്നു. മെലിഞ്ഞെങ്കിലും, ദൃഢഗാത്രരായിരുന്ന അവർ, പൊടി അകത്തു കടക്കാതിരിക്കാനായി ചുണ്ടു മുറുകെ കൂട്ടിയിരുന്നു." എന്ന് അദ്ദേഹം പറയുന്നു.

ചെമ്പടയേയും എട്ടാം സൈന്യത്തേയും വിട്ടു പതിനാലാം പടയുടെ മുന്നണിയായ ബർമ്മയിലേക്കൊന്നു കടന്നു് അവിടുത്തെ യുദ്ധലേഖകന്മാരുടെ പ്രവൃത്തി നമുക്കൊന്നു പരിശോധിക്കാം. ലണ്ടൻ ഡെയിലി മെയിലിന്റെ ലേഖകനായ സെസിൽ ബീററൺ അനവധി സമരരംഗങ്ങളിൽ സഞ്ചരിച്ചിട്ടുണ്ട്. പശ്ചിമ മരുഭൂമിയിലെ മണലിൽ കിടന്നു പിടയുന്നതോ, അഥവാ ബർമ്മയിലെ വർഷകാലച്ചെളിയിൽ പൂന്തിവീഴുന്നതോ ആയ ബ്രിട്ടിഷ് പടയാളിയുടെ ജീവിതത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ ലളിതവും വർണ്ണപ്പകിട്ടോടുകൂടാത്തതുമായ ചിത്രങ്ങൾ എത്ര

യും രസാവഹങ്ങളായിട്ടുണ്ട്. ഉദാഹരണത്തിനായി മാർച്ച് 9-ാം തിയ്യതി അദ്ദേഹം അയച്ച ഒരു വിവരണം നോക്കാം. "ഇതാ ഞാൻ വിസ്മൃത സൈന്യത്തിന്റെ മുന്നണിയിൽ പോയി വന്നതേയുള്ളൂ. ചിൻമലകളിൽ ജാപ്പാൻകാരോടെതിരിട്ടുകൊണ്ടിരുന്ന നമ്മുടെ സൈന്യങ്ങൾ, കുറച്ചുമുൻപുവരെ തന്നത്താൻ ഇങ്ങിനെയാണ് വിളിച്ചിരുന്നത്. റഷ്യയിലും ഇറ്റലിയിലും നടക്കുന്ന യുദ്ധങ്ങളോടു താരതമ്യപ്പെടുത്തിയിട്ടു, അവരുടെ സേവനം വലിയ വാർത്തയിലാകുന്നില്ലെന്നു അവർക്കറിയാം."

ബർമ്മയിലെ വനവർണ്ണനയിൽ അദ്ദേഹം ഇങ്ങിനെ പറയുന്നു: കുറെക്കാലത്തേക്കു വെള്ളം കമ്മിയായിരുന്നു; മൂന്നു ദിവസത്തിലൊരിക്കലേ മേൽകഴുകാൻ അനുവാദമുണ്ടായിരുന്നുള്ളൂ. അപ്പോഴേക്ക് വക്ഷാരംഭസൂചനയായി വലിയ വിളർത്ത ചിത്രശലഭങ്ങളുടെ കൂട്ടങ്ങൾ, ചെറിയ കണ്ണാടികളെപ്പോലെ ആകാശത്തിൽ പറന്നുകൂടുന്നതു കാണായി. അടുത്തു കല്പാന്തവർഷവുമായി. കൊല്ലത്തിന്റെ മൂന്നിലൊരുഭാഗംകാലം ഈ സൈന്യങ്ങൾ ഉഷ്ണമേഖലയിലെ പെരുമഴയിൽത്തന്നെയാണ് കഴിച്ചുകൂട്ടിയത്. ഇത്തിക്കണ്ണികളാൽ തോരണം തൂക്കിയിരുന്ന വലിയ വൃക്ഷങ്ങളിൽനിന്ന്, അനവരതം വെള്ളം വീണുകൊണ്ടിരുന്നു. ചിലപ്പോൾ ഒരാഴ്ചത്തേക്ക് ഈറൻമാററാൻ കഴിയാതെ ഇവർ രാണത്തു വിറച്ചു കഴിച്ചുകൂട്ടിയിട്ടുണ്ട്. ഈ മഴക്കാലത്തോടുകൂടി ലക്ഷക്കണത്തിന്നു അട്ടകളുമെത്തി. അവ വരുമ്പോൾ വളരെ വലുതായിരിക്കുകയില്ല, എന്നാൽ മനുഷ്യരക്തം കുടിച്ചുകഴിയുമ്പോഴേക്കു പെരുവിരലോളം വീർക്കുന്നു. അവയെ കത്തിച്ച സിഗററുകൊണ്ടു തൊടുകയോ, അഥവാ അവയുടെ ദേഹത്തു ഉപ്പു ഇടുകയോ ചെയ്താൽ അവ ദേഹത്തുനിന്നു വീണുപോകുമെന്നു ഈ ഭടന്മാർ വേഗത്തിൽ മനസ്സിലാക്കി. എന്നാൽ അവയെ ദേഹത്തിൽനിന്നു പറിച്ചെടുക്കാൻ ശ്രമിച്ചാൽ അവയുടെ തല ദേഹത്തിന്നുള്ളിൽ പുതഞ്ഞിരിക്കുകയും വിഷലിപ്തമായ വ്രണമുണ്ടാകുകയും ചെയ്യും.

ഈ വിഷമസ്ഥിതികളിൽ ജീവിക്കുന്ന ഭടന്മാരുടെ മനോഭാവം എന്തായിരിക്കും? അവർ അതെങ്ങിനെയാണ് സഹിക്കുന്നതെന്ന് സെസിൽ വിവരിക്കുന്നു:

"ഇവിടത്തെ ഇന്ത്യനും യൂറോപ്യനും ഭടന്മാർ ചെന്ന കാലാൾ സൈന്യത്തിനേക്കാൾ വലിയ സേവനം ഈ യുദ്ധത്തിൽ ആരും ചെയ്തിട്ടില്ല. 'ഇതു ഒരു വലിയ കട്ടത്ത പണിയാണ്.'' എന്നു ഒരു പ്രായംചെന്ന ഉദ്യോഗസ്ഥൻ എന്നോടുപറഞ്ഞു. എത്രതന്നെ കട്ടത്തതായാലും, സ്വിററ്സർലാണ്ടിലേയോ കാലിഫോർണിയായിലേയോ വിശ്രമകാലത്തിലെ ആഹ്ലാദസമ്പൂർണ്ണമായ ഒരന്തരീക്ഷമാണ് സന്ദർശകന്മാർ ഇവിടെ കാണുക. 'രാത്രി അതിശീത'മാണ്. മുപ്പതു ഡിഗ്രി തണുപ്പ്; അതു സഹിക്കതന്നെ; എന്നു ലോകത്തിലെ അത്യുന്നതമായ തോക്കു പ്രദർശനസ്ഥലത്തുവെച്ചു ഒരു തോക്കുകാരൻ പറയുകയുണ്ടായി.'' ഉദ്ധരിക്കാതിരിക്കാൻ എനിക്കു സാധിക്കാത്ത ഒരു ഭാഗംകൂടി സെസിൽ ബീററന്റെ കുറിപ്പുകളിലുണ്ട്. വസന്ത ഹേമന്ത ഋതുക്കളിലെ സൂര്യപ്രകാശശുഭ്രത, ശുഭാശംസികളായ ഭടന്മാരുടെ പ്രവർത്തനങ്ങൾക്ക് നൽകുന്ന വർണ്ണനീയ മനോഹാരിതയെപ്പററി അദ്ദേഹം സൂചിപ്പിക്കുന്നു. പിന്നീടു ആ രംഗം അദ്ദേഹം ഇപ്രകാരം വർണ്ണിക്കുന്നു: "ഇലക്കൊത്തുകൾകൊണ്ടു ചിറകുപിടിപ്പിച്ചതും പായലണിഞ്ഞതുമായ ഇരുമ്പുതൊപ്പികൾ ധരിച്ച ഗൂർഖഭടന്മാർ വയർലസ്സ് സെററുകളും എടുത്തുകൊണ്ട് കാട്ടിൽകൂടി ഓടിവരുന്നു; പീററർപാനിന്റെ ഭൂഗർഭഗൃഹത്തിനെ അനുസ്മരിപ്പിക്കുന്നതും, പരമ്പുകൊണ്ടുണ്ടാക്കിയതുമായ മുറികളിൽ, ക്ലാർക്കന്മാർ പ്രവൃത്തിയെടുത്തുകൊണ്ടിരിക്കുന്നു; സുവർണ്ണകിന്നരികളാലലംകൃതമായ തലപ്പാവു ധരിച്ചുകൊണ്ട് ഗർവ്വിഷ്ഠനായ സുബേദാർ, വെടിവെക്കുവാൻ ഉത്തരവുകൊടുക്കുന്നു. മററും പല രംഗങ്ങൾ ഇത്തരം കപടവേഷംകെട്ടുന്നുണ്ട്. ജാപ്പാൻകാരുടെ അധീനത്തിലിരിക്കുന്ന പർവ്വതശിഖരങ്ങളിൽകൂടി സൂര്യൻ മറഞ്ഞുതുടങ്ങവെ, 'മഴക്കു ശേഷമുള്ള സൂര്യപ്രകാശം' എന്ന ഒരു പ്രണയകഥ വായിച്ചുകൊണ്ട് സളളിവൻ തന്റെ വണ്ടിച്ചക്രത്തിലിരിക്കുന്നു; സമീപത്തുതന്നെ കന്തക്കാരിൽ പ്രമാണിയായ ഡൈറെറ്, തലമുടി സുഗന്ധലേപനത്താൽ മിനുക്കി, ഒരു വൃക്ഷത്തിന്റെ വേരിന്മേലേക്കു കുനിഞ്ഞിരുന്നുകൊണ്ട്, തന്റെ ഭാര്യയുടെ കത്തുകൾക്ക്—ഡിസമ്പർ 17, 18, 22 ഈ തിയ്യതികളിലേതാണെങ്കിലും അവ തനിക്ക് കിട്ടിയതു് ഇപ്പോൾമാത്രമാണ്—മറുപടി എഴുതുന്നു. കുറച്ചകലെയായി, ഒരു ഗ്രാമഫോൺ പാടിക്കൊണ്ടിരിക്കുന്നു; അടുപ്പിൽ ചായ തിളക്കുന്നു. ഈ രാത്രിയുടെ അന്ധകാരത്തിൽ വെടിവെക്കുകയും ആ ശബ്ദം സിരാകേന്ദ്രത്തെ വേദനിപ്പിക്കുകയും, അതിന്റെ മിന്നൽ കണ്ണുകളെ മഞ്ഞളിപ്പിക്കുകയും, ചെയ്തിട്ടുകൂടിയും യുദ്ധത്തിന്റെ ഭയാനകത മനസ്സിലാക്കാൻ പ്രയാസമാണ്''

"അവർ ഇനി ഒരിക്കലും വിസ്മൃതരും, പേരില്ലാത്തവരുമായിരിക്കുകയില്ല. അവർക്കാണ്, മി. ചർച്ചിൽ ഒരു പ്രത്യേക സന്ദേശമയച്ചതു്. അവരാണ് 14-ാം സൈന്യത്തിലെ അംഗങ്ങൾ.'' എന്നു ഒടുവിൽ ബീററൻ പറയുന്നു.

ഇനി, ബർമ്മരംഗത്തിലെ ഒരു യുദ്ധലേഖകന്റെ പേർ പറയേണ്ടതായുണ്ടു. അതായതു്, ബ്രിഗേഡിയർ വിങ്ഗേററിന്റെ സൈന്യത്തോടുകൂടി, ബർമ്മയുടെ മദ്ധ്യഭാഗത്തേക്കുപോയ ഇന്ത്യൻ സൈന്യനിരീക്ഷകനായ, ക്യാപ്ററൻ എം. എൽ. കട്ജു, എം. സി. അദ്ദേഹത്തിനെ കാണാതെ പോയതായും, മരിച്ചു എന്നു വിശ്വസിക്കുന്നതായും റിപ്പോർട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ലേഖനക്കുറിപ്പുകൾ യുദ്ധകാലസാഹിത്യതല്പരന്മാർക്കു ഏററവും രസകരമാണ്. അദ്ദേഹം ഫെബ്രുവരി 6-ാംനു എഴുതിയതു ഇപ്രകാരമാണ്: "ഞാൻ ഒരു ചെറിയ കുന്നിന്മേലിരുന്നു ഇതെഴുതുമ്പോൾ, നാലു നാഴിക അകലത്തായി ചിൻഡ്വിൻ മല, പച്ചക്കുടുക്കയിൽ വെള്ളി രേഖയെന്നതുപോലെ, വെയിലത്തു മിന്നിത്തിളങ്ങുന്നതു കാണാം. കുറേക്കൂടി അങ്ങേപ്പുറത്തായി, ഒരു കുന്നിന്റെ, കാടുനിറഞ്ഞ ചരിവുകൾ ഒരു നദിയുടെ തീരംവരെ നീണ്ടുകിടക്കുന്നു. അതിന്റെ പിൻഭാഗത്താണ് 'പച്ചക്കാടു നരകം' എന്നു പറയുന്ന സ്ഥലം. അതു കടന്നുവേണം, ഒളിച്ചുകിടക്കുന്ന ശത്രുവിനെ ഓടിക്കുവാൻ. ഇതിനകം ചുരുക്കം ചില മനുഷ്യരുടെ മാത്രം പാദസ്പർശമുണ്ടായിട്ടുള്ള ഉത്തുംഗവും, അല്ലാത്തതുമായി, നിരവധി മലനിരകൾ, അററമില്ലാത്തേടത്തോളം വിസ്താരത്തിൽ, കനം പിടിച്ച പച്ചനിറത്തിൽ പിന്നിൽ കാണാവുന്നതാണ്. അതിന്നും പിന്നിലായി, പൊള്ളിയ പാദങ്ങളെയും, വേദനിച്ച മുതുകുകളേയും അനുസ്മരിപ്പിക്കുന്ന കുറേക്കൂടി ഉയർന്ന മലകൾ, അഥവാ പർവ്വതങ്ങൾ കാണാം.''

കേളികേട്ട മറെറാരു ഇന്ത്യൻ യുദ്ധലേഖകൻ റൂയിട്ടരുടെ പ്രതിനിധിയായ കെ.പി.റിഷിയാണ്. അദ്ദേഹം ഇപ്പോൾ ഇററലിയിൽ യുദ്ധം ചെയ്യുന്ന ഇന്ത്യൻ സേനയുടെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുകയാണ്: വിദേശരാജ്യങ്ങളിൽ യുദ്ധലേഖകനായിപ്പോയ ഇന്ത്യക്കാരിൽ അദ്ദേഹം പ്രഥമഗണനീയനാണ്. റിച്ചാഡ് ബസ്‌വിൻ ഇന്ത്യയിലെ ഒരു ദിനപത്രത്തിന്റെ ഇററലി ലേഖകനാണ്. അതുപോലെ ഇററാലിയൻ പത്രത്തിന്റെ ബർമ്മാലേഖകൻ മൊറേസാണ്.

മോങ്ഡോയിലെ പത്രലേഖകക്യാമ്പിനെപ്പററി അദ്ദേഹം എഴുതിയിട്ടുള്ള വിവരണം എനിക്കു വളരെ പിടിച്ചു.

'നാഫാ നദിയിൽനിന്ന് ഒരു കല്പേരുദൂരത്തിൽ മരക്കഷണങ്ങളും മുളകളുംകൊണ്ടു കെട്ടിയുണ്ടാക്കിയ ചില സ്ഥലങ്ങളുണ്ടു്. ഉദ്യോഗസ്ഥന്മാർ വന്നും പോയും ഇരിക്കുന്ന അവയിലൊന്നിലാണ് യുദ്ധലേഖകന്മാരെയും പാർപ്പിച്ചിരുന്നത്. ഒരു പത്രലേഖകൻ 'തന്മാത്രവാദി', രണ്ടു പേർ 'ഏതുവാദികൾ', മൂന്നുപേർ, 'കശപിശക്കൂട്ടം.' ഈ പത്രലേഖകക്യാമ്പിനെ 'മോങ്ഡോ' യിലെ 'ഭ്രാന്തശാല' എന്നു വിളിച്ചുവരുന്നതിൽ യാതൊരത്ഭുതവുമില്ല. ടൈപ്പ്റൈററുകളുടെ കലപല ശബ്ദം എപ്പോഴും കേൾക്കാം. രാത്രിയായാൽ കുറെക്കൂടി മനുഷ്യപ്പററുള്ള ഗ്ലാസുകളുടെ മുട്ടലായി. ഈ തമ്മിൽച്ചേരാക്കൂട്ടത്തിന്റെ അദ്ധ്യക്ഷൻ, സമാധാനകാലത്തു നാടകവേദിയുമായി ബന്ധപ്പെട്ടിരുന്ന ഒരുദ്യോഗസ്ഥനാണ്. ഇമ്പം കുറഞ്ഞാൽ—ഒന്നിലധികം അർത്ഥത്തിൽ—ഭാവങ്ങൾ വികലമായാൽ, പ്രത്യുൽപന്നമതിയായ ഈ ചങ്ങാതി, ഒരു രംഗം അഭിനയിക്കുമെന്നുറക്കാം. അയാൾ അനുകരണവിദ്യയിൽ അദ്വിതീയനാണ്. ഭയങ്കരമായ വാക്ചാതുര്യവും അയാൾക്കുണ്ടു്. ഈ വക വിനോദരംഗങ്ങളിൽ അയാളെ സഹായിക്കുവാൻ ഒരു നർത്തകസംഘവിദഗ്ദ്ധനുമുണ്ട്. അയാളുടെ കഥകളും സംസാരങ്ങളും അവസാനിക്കില്ല.

എന്നാൽ പത്രലേഖകന്മാരെത്തന്നെ എത്രത്തോളം വിലമതിക്കാം? കെ.ൻറിൻ റെയിനോൾഡ്, വിൻസൻറുഷീൻ, റാസ് മൺറോ, റോബെട്ട് ഡുനററ് മുതലായവരും; പ്രസിദ്ധന്മാരും അല്ലാത്തവരുമായി വേറെയും പലരും, സേവനാനുസാരം, ലോകത്തിലെ വിദൂരസമരമുഖങ്ങളിൽ, ജീവനെപ്പോലും വകവെക്കാതെ ലേഖകന്മാരായി, അവിടങ്ങളിലെ വർത്തമാനങ്ങൾ നാട്ടുകാരെ അറിയിക്കുവാൻ, സേവനം അനുഷ്ഠിക്കുന്നുണ്ട് പ്രവൃത്തിയെടുത്തുകൊണ്ടിരിക്കുമ്പോൾതന്നെ അനേകം പേർ മരിച്ചുപോയിട്ടുണ്ട്. പ്രസിദ്ധ ലോകവാർത്താനിരൂപകൻ റെയിമണ്ട് ക്ലാപ്പർ മാർഷൽ ദ്വീപുകളിലെ ആക്രമണം റിപ്പോർട്ട് ചെയ്യുകൊണ്ടിരിക്കുമ്പോൾ ഒരു വിമാനാപകടത്തിൽ മരിച്ചു.

യുദ്ധലേഖകന്മാർ 'സാമാന്യ ലക്ഷ്യ' പ്രാപ്തിക്കായി ചെയ്യുന്ന വിഹിതകർമ്മത്തിന്റെ മഹത്വം ജനങ്ങൾ അറിയുന്നുണ്ടോ ആവോ!!

# ദേശീയ സമരമുന്നണിയുടെ സജീവ പ്രവർത്തനം

## ഏററവും അധികം കൃഷി വർദ്ധിപ്പിച്ച കർഷകർക്ക് സമ്മാനം

തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിലെ ഉത്സവം സംബന്ധിച്ചു് മലബാർ ദേശീയ സമരമുന്നണി നടത്തിയ പ്രദർശനപ്രചരണങ്ങളെ സംബന്ധിച്ചു് ഇതിന്നുമുമ്പു് യുദ്ധസഞ്ചികയിൽ എഴുതുകയുണ്ടായല്ലോ. അതേകാലത്തും അതിന്നുശേഷവും മലബാറിൽ പല ഉത്സവാഘോഷങ്ങൾ നടക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ട പൂരസ്ഥലങ്ങളിലും നേർച്ച സ്ഥലങ്ങളിലും കേന്ദ്രങ്ങൾ സ്ഥാപിച്ചു് ദേശീയ സമരമുന്നണി ജനോപകാരാർത്ഥം പ്രചാരവേല നടത്തിയിരുന്നു.

വള്ളുവനാട്ടു താലൂക്കിലെ മണ്ണാർക്കാട്ടു് ക്ഷേത്രത്തിൽ മാർച്ച് 2-ാംനു- തുടങ്ങി 9-ാംനു-യുൾപ്പെടെ ഒരാഴ്ചയിൽ കേമമായ പൂരാഘോഷം നടന്നു. അവിടെ ദേശീയ സമരമുന്നണി ഒരു പ്രചരണ കേമ്പ് ഏർപ്പെടുത്തി. വിവിധങ്ങളായ ചെറുഗ്രന്ഥങ്ങളും ലഘുലേഖകളും ഉൾപ്പെട്ട ഒരു വായനശാലയും ആ ക്യാമ്പിനോടനുബന്ധിച്ചു് ഏർപ്പെടുത്തിയിരുന്നു. വിശാലമായ ഒരു പന്തൽ കുലവാഴകളാലും തോരണങ്ങളാലും ചിത്രങ്ങളാലും അലങ്കരിച്ചു് ഉത്സവസ്ഥലത്തെ ഒരു പ്രധാന സ്ഥലത്തു് തയ്യാർ ചെയ്തിരുന്നതു് ജനങ്ങളെ ഒട്ടേറെ ആകർഷിക്കുകയുണ്ടായി. മാർച്ച് മാസം 5-ാംനു- തുടങ്ങി 8-ാംനു- ഉൾപ്പെടെ നാലു ദിവസങ്ങളിലും പ്രസ്തുത കേമ്പിൽ പൊതുയോഗങ്ങളും പ്രസംഗങ്ങളും നടക്കുകയുണ്ടായി. ഒന്നാമത്തെ ദിവസം ക്യാമ്പിന്റെ ഉൽഘാടനകർമ്മം സമംഗളം നിർവ്വഹിച്ചതു് മലബാറിലെ പ്രസിദ്ധ ജന്മികുടുംബങ്ങളിലൊന്നും മണ്ണാർക്കാട്ടു ക്ഷേത്ര ഉടമസ്ഥത വഹിക്കുന്നതുമായ മണ്ണാർക്കാട്ടു നായർ വീട്ടിലെ മൂപ്പുവാഴുന്ന മൂപ്പിൽനായരവർകളായിരുന്നു. അന്നു് ഉൽഘാടനകർമ്മത്തോടൊന്നിച്ചു നടന്ന വമ്പിച്ച പൊതുയോഗത്തിലും അദ്ദേഹം തന്നെ ആദ്ധ്യക്ഷം വഹിച്ചു. ദേശീയ സമരമുന്നണിയുടെ വള്ളുവനാട്ടു താലൂക്കു ഓർഗനൈസർ ശ്രീ എം. എ. കുമാര പണിക്കർ, ബി.എ., ബി.എൽ., താലൂക്കു പ്രചാരകൻ കെ. കെ. മുഹമ്മദ് ഷാഫി സാഹിബ്, കൊച്ചിശീമയിലെ ചേലക്കര ഡിസ്ട്രിക്ട് റജിസ്ട്രാർ ശ്രീ സി. എസ്സ്. നമ്പൂതിരി, എം.എ., എൽഎൽ.ബി., കോഴിക്കോട്ടു മലബാർ ക്രിസ്ത്യൻ കോളേജ് മലയാളം പണ്ഡിററ് ശ്രീ സി. സൂര്യനെഴുത്തച്ഛൻ എന്നീ മാന്യന്മാർ അന്നു് ദേശീയ സമരമുന്നണിയുടെ ഉദ്ദേശാദർശങ്ങൾ, യുദ്ധസ്ഥിതി, യുദ്ധകാലത്തു് ജനങ്ങളുടെ പ്രത്യേകമായ കടപ്പാടുകൾ, സമ്പാദ്യസാക്ഷ്യലക്ഷ്യങ്ങൾ തുടങ്ങിയ നാനാവിഷയങ്ങളെ പുരസ്കരിച്ചു് ഏററവും വിജ്ഞാനപ്രദങ്ങളും അർത്ഥഗംഭീരങ്ങളുമായ പ്രസംഗങ്ങൾ ചെയ്തു. രണ്ടാം ദിവസം പെരിന്തൽമണ്ണ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ സി. ആർ. നാരായണയ്യരുടെയും മൂന്നാം ദിവസം ശ്രീ എം. എ. കുമാരപണിക്കർ, ബി.എ., ബി.എൽ. ന്റെയും ആദ്ധ്യക്ഷത്തിൽ ഇതുപോലെയുള്ള പൊതുയോഗങ്ങളും പ്രസംഗങ്ങളും നടന്നു. അവസാന ദിവസത്തെ സഭക്കു ഒരു പ്രത്യേകതയുണ്ടായിരുന്നു, അയൽദേശങ്ങളിൽനിന്നും അകലെ ദിക്കുകളിൽനിന്നും ആയിരക്കണക്കായ ആളുകൾ അന്നു് പൂരം കാൺമാൻ വന്നിരുന്നതിന്നുപുറമെ പശ്ചിമഘട്ടത്തിന്റെ മുകൾപ്പരപ്പിൽപെട്ടതും വള്ളുവനാട്ടു താലൂക്കിനോടു ചേർന്നതുമായ അട്ടപ്പാടിമലയിലെ അസംഖ്യം മലയർ (സ്ത്രീകളും പുരുഷന്മാരും) പൂരം കാൺമാൻ ഇറങ്ങിയിരുന്നു. ഇവരിൽ ധാരാളം പേർ സഭയിൽ സംബന്ധിക്കുകയും അവക്കു ദേശീയ സമരമുന്നണി പ്രവർത്തകന്മാർ പ്രത്യേകമായി മുന്നണിയിൽ സ്ഥാനം കൊടുക്കുകയുമുണ്ടായി. മലപ്പുറം സബ്ബ് കലക്ടർ ജെ. പി. എൽ. ഗ്വിൻ, ഐ.സി.എസ്സ്. അവർകൾ അന്നു് ആദ്ധ്യക്ഷം വഹിച്ചു. അദ്ദേഹം ഇംഗ്ലീഷിൽ ചെയ്ത പ്രസംഗങ്ങളെ പ്രചാരകൻ മുഹമ്മദ് ഷാഫീ സാഹിബ് പരിഭാഷപ്പെടുത്തി. ശ്രീ വി. രാഘവ പണിക്കർ, മൌലവി എൻ. പി. മുഹമ്മദാലി സാഹിബ് (അഫ്സലുൽ ഉലമാ), ശ്രീ എം. എ. കുമാരപണിക്കർ മുതലായ മാന്യന്മാരായിരുന്നു അന്നു പ്രസംഗിച്ചതു്.

ഏറനാട്ടു താലൂക്കിലെ കൊണ്ടോട്ടിയിൽ നടക്കാറുള്ള നേർച്ച അനേകം ആളുകളെ ആകർഷിക്കുന്ന ഒരാഘോഷമാണു്. അവിടെ മാർച്ച് 12-ാംനു- അതിഗംഭീരമായ ഒരു പ്രചരണയോഗം നടന്നു. ഏറനാട്ടു താസിൽദാർ ശ്രീ പി. പി. ഗോവിന്ദൻ അവർകളുടെ ഉത്സാഹഫലമായിട്ടാണു് പ്രസ്തുത യോഗം നടന്നതു്. നേർച്ചയുടെ പ്രധാന ഭാരവാഹിയായ കൊണ്ടോട്ടി തക്യാവിൽ ഇനാംദാർ തങ്ങൾ അവർകൾ ഉൾപ്പെട്ട ഒരു കേമമായ ഘോഷയാത്രയെ തുടർന്നാണു് സഭ കൂടിയതു്. കൊണ്ടോട്ടി തങ്ങൾ അവർകൾ തന്നെ സഭയിൽ ആദ്ധ്യക്ഷം വഹിക്കുകയും, താസിൽദാർ ശ്രീ പി. പി. ഗോവിന്ദൻ, കൃഷി ഡിമോൺസ്റ്റ്രേററർ ശ്രീ കെ. കണ്ണൻ നമ്പ്യാർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരും സ്ഥലത്തെ രണ്ടു മാന്യന്മാരും സഭയിൽ പ്രസംഗിക്കുകയുണ്ടായി.

മുകളിൽ പറഞ്ഞ ആഘോഷങ്ങളിൽ ഒട്ടും പ്രാധാന്യം കുറഞ്ഞതല്ല ചിറക്കൽ താലൂക്കിൽ തളിപ്പറമ്പിലുള്ള തൃച്ചംബരം ക്ഷേത്രത്തിലെ പൂരോത്സവം. അവിടെയും ഇക്കൊല്ലം ദേശീയ സമരമുന്നണി പ്രചരണകേന്ദ്രം സ്ഥാപിക്കുകയുണ്ടായി. മാർച്ച് 14-ം, 15-ം തിയ്യതികളിലായിരുന്നു അതു്. 14-ാംനു-ത്തെ മഹായോഗത്തിൽ തളിപ്പറമ്പു ഡിസ്ട്രിക്ട് മുൻസീഫ് അവർകളും, 15-ാംനു-ത്തെതിൽ പ്രസിദ്ധ ജന്മിയായ ശ്രീ വേങ്ങയിൽ രയരപ്പൻ നായനാർ അവർകളും ആദ്ധ്യക്ഷം വഹിച്ചു. 14-ാംനു-ത്തെ മഹായോഗത്തിൽ ദേശീയ സമരമുന്നണിയുടെ ഡിസ്ട്രിക്ട് ലക്ചറർ എം. വി. ആലിക്കോയ സാഹിബ്, ശ്രീ കെ. ഭാസ്കര മേനോൻ, ബി. എ. (ടീച്ചർ) എന്നിവർ വിവിധ വിഷയങ്ങളെ പരാമർശിച്ചു പ്രസംഗിക്കുകയും സമരമുന്നണിയുടെ പ്രോപ്പഗാണ്ടിസ്റ്റ് ബാല്യഡ് മാസ്റ്റർ ശ്രീ കെ. ആർ. കൃഷ്ണൻ ഒരു കഥാപ്രസംഗം ചെയ്കയുമുണ്ടായി. പുറമെ കോൽക്കളി മുതലായ വിനോദങ്ങളും അന്നു ഉണ്ടായിരുന്നു. തളിപ്പറമ്പു് സബ്ബ് മജിസ്ത്രേട്ടാണു് പ്രചരണകേന്ദ്രം ഉൽഘാടനം ചെയ്തതു്. 15-ാംനു-ത്തെ പൊതുയോഗം ആരംഭിച്ചതു് ശ്രീ കുട്ടമത്ത് നാരായണക്കുറുപ്പിന്റെ "ഹിററ്ലർ വധം" കഥകളി വായനയോടുകൂടിയായിരുന്നു. അന്നും സാരവത്തായ പ്രസംഗങ്ങൾ നടന്നു. പുറമെ ഓട്ടംതുള്ളൽ, കോൽക്കളി, പ്രഹസനം (താസിൽദാരുടെ വിക്രമസ്ഥിതി), തുടങ്ങിയ വിനോദങ്ങൾ വിശേഷവിധിയായുണ്ടായിരുന്നു.

ഏറനാട്ടു താലൂക്കിലെ മലപ്പുറം നേർച്ച മലബാറിലെങ്ങും പ്രസിദ്ധമാണു്. നാനാ സ്ഥലങ്ങളിൽനിന്നുമായി അനേകായിരം ജനങ്ങൾ ഈ നേർച്ച കാൺമാൻ എത്തിച്ചേരുന്നു. അവിടെ വിശാലമായ ഒരു പന്തൽ കെട്ടിയലങ്കരിച്ചു് ദേശീയ സമരമുന്നണി ഒരു പ്രചരണ ക്യാമ്പ് നടത്തുകയുണ്ടായി. മാർച്ച് 18-ം, 19-ം നു-കളിൽ നടത്തപ്പെട്ട ഈ ക്യാമ്പിൽവെച്ചു് രണ്ടു ദിവസവും ഗംഭീരമായ പൊതുയോഗങ്ങൾ നടത്തപ്പെട്ടു. ഒന്നാമത്തെ ദിവസം ഡിസ്ട്രിക്ട് ഓർഗനൈസർ റാവു ബഹദൂർ ശ്രീ എം. കുഞ്ഞിരാമൻ നായരവർകൾ, ബി.എ., ആദ്ധ്യക്ഷം വഹിച്ചു. ഡിസ്ട്രിക്ട് ലക്ചറർ എം. വി. ആലിക്കോയ സാഹിബ്, തിരൂർ പ്രോപ്പഗാണ്ടിസ്റ്റ് ടി. അസ്സനാർകുട്ടി സാഹിബ്, മഞ്ചേരി പ്രോപ്പഗാണ്ടിസ്റ്റ് പി. കുഞ്ഞിക്കോയ തങ്ങൾ, മലപ്പുറം ഗവമ്മേണ്ടു് ട്രെയിനിങ്ങ് സ്കൂൾ അദ്ധ്യാപകൻ പി. ഉമ്മർകുട്ടി സാഹിബ് എന്നീ മാന്യന്മാർ വിവിധവിഷയങ്ങളെ പുരസ്കരിച്ചു് സാരവത്തായ പ്രസംഗങ്ങൾ നടത്തി.

രണ്ടാം ദിവസത്തെ പൊതുയോഗത്തിൽ മലപ്പുറം സബ്ബ് കലക്ടർ ജെ. പി. എൽ. ഗ്വിൻ അവർകൾ, ഐ.സി.എസ്സ്., ആദ്ധ്യക്ഷം വഹിച്ചു. മലപ്പുറം ഗവമ്മേണ്ടു് മുസ്ലിം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ സി. ഒ. ടി. കുഞ്ഞിപ്പക്കി കേയി സാഹിബ്, ബി.എ., എൽ.ടി., കോഴിക്കോട്ടു മലബാർ ക്രിസ്ത്യൻ കോളേജ് മലയാളം പണ്ഡിററ് ശ്രീ സി. സൂര്യൻ എഴുത്തച്ഛൻ, ദേശീയ സമരമുന്നണി ജില്ലാ പ്രാസംഗികൻ എം. വി. ആലിക്കോയ സാഹിബ് എന്നീ മാന്യന്മാർ പ്രസംഗം നടത്തി. ബാല്യഡ് മാസ്റ്ററുടെ കഥാപ്രസംഗവും ഉണ്ടായി. അദ്ധ്യക്ഷൻ ചെയ്ത ഇംഗ്ലീഷ് പ്രസംഗങ്ങളെ പെരിന്തൽമണ്ണ പ്രോപ്പഗാണ്ടിസ്റ്റ് കെ. കെ. മുഹമ്മദ് ഷാഫീ സാഹിബ് പരിഭാഷപ്പെടുത്തി. വിജയകരമായി നടത്തപ്പെട്ട ഈ പ്രചരണകേന്ദ്രത്തിൽ വെച്ചു് (രണ്ടാം ദിവസത്തെ പൊതുയോഗത്തിൽ വെച്ചു്) ഭക്ഷ്യോല്പാദനങ്ങളെ വദ്ധിപ്പിക്കുവാനുള്ള പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തു കൃഷി വദ്ധിപ്പിച്ച ഏറനാട്ടു താലൂക്കിലെ നാലു കർഷകപ്രധാനികൾക്കുള്ള സമ്മാനങ്ങൾ അദ്ധ്യക്ഷൻ വിതരണം ചെയ്കയുണ്ടായതു പ്രത്യേകം പ്രസ്താവ്യമാണു്:

മുകളിൽ പറഞ്ഞ പ്രധാന ഉത്സവങ്ങളെ മാത്രമല്ല, അധികം ആളുകൾ കൂടുന്ന മിക്കവാറും ആഘോഷങ്ങളെ ദേശീയ സമരമുന്നണി നല്ല സന്ദർഭങ്ങളായെടുത്തു് അതിന്റെ പ്രചാരവേലകൾ നടത്തിവരുന്നു. നേർച്ചകളും, പൂരങ്ങളും മലബാറിൽ എവിടെയെല്ലാമുണ്ടോ അവിടങ്ങളിലെല്ലാം പ്രചരണകേന്ദ്രങ്ങൾ ഏർപ്പെടുത്തിവരുന്നു. അടുത്തുതന്നെ വയനാട്ടിൽ വള്ളൂർക്കാവിലെ ഉത്സവം (മാർച്ച് 25, 26, 27 തിയ്യതികളിൽ) നടക്കുന്നതാണു്. അവിടെയും ഒരു ക്യാമ്പ് ഏർപ്പെടുത്തുവാനുള്ള ശ്രമം ഊർജ്ജിതമായി നടന്നുവരുന്നു.

# മലപ്പുറം നേർച്ച

മലബാർ ജില്ലയിൽ ഏറനാട്ട താലൂക്കിലെ സുപ്രസിദ്ധമായ "മലപ്പുറം നേർച്ച" ഈ കഴിഞ്ഞ മാർച്ച് 18, 19 (ശനി, ഞായർ) തിയ്യതികളിലായിരുന്നു. ലക്ഷക്കണക്കായ മാപ്പിള സമുദായത്തിൻെറ സാന്നിദ്ധ്യം കൊണ്ടു "മലപ്പുറം" അലംകൃതമാകുന്ന ഈ സുവർണ്ണാവസരത്തെ മലബാറിലെ ദേശീയ സമര മുന്നണി പാഴാക്കിയിട്ടില്ല. സമരമുന്നണി പതിവുപോലെ ജനങ്ങൾക്കു നേരായ മാർഗ്ഗം കാണിച്ചുകൊടുക്കുവാൻ ആ അവസരവും ഉപയോഗപ്പെടുത്തുകയുണ്ടായി. ദേശീയ സമര മുന്നണിയുടെ ജില്ലാ ഓർഗനൈസർ ശ്രീ റാവു ബഹദൂർ എം. കുഞ്ഞിരാമൻ നായർ അവർകളുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ട ഈ പ്രചരണ പരിശ്രമം ഏററവും വിജയകരമായിരുന്നു. നേർച്ചയുടെ പ്രധാന സ്ഥലമായ "പൂക്കമണ്ണിൽ" മൈതാനിയിൽ പ്രത്യേകം കെട്ടി അലങ്കരിച്ച പന്തലിൽ വെച്ചു രണ്ടു ദിവസവും പൊതുയോഗങ്ങൾ നടത്തുകയുണ്ടായി.

ഒന്നാം ദിവസം (മാർച്ച് 18-ാം തിയ്യതി ശനിയാഴ്ച) ഒരു വമ്പിച്ച ജനാവലിയാൽ നിബിഡീകൃതമായ സദസ്സിൽ ജില്ലാ ഓർഗനൈസർ ശ്രീ റാവു ബഹദൂർ എം. കുഞ്ഞിരാമൻ നായർ അവർകൾ ആദ്ധ്യക്ഷ്യം വഹിച്ചു. പെരിന്തൽമണ്ണ പ്രചാരകൻ ജനാബ് കെ. കെ. മുഹമ്മദു ശാഫി സാഹിബിൻെറ "ഖിറാഅത്തോ"ടുകൂടിയാണ് യോഗം ആരംഭിച്ചതു്. അദ്ധ്യക്ഷനവർകളുടെ സാരസമ്പൂർണ്ണമായ ഉപക്രമപ്രസംഗത്തിന്നു ശേഷം, ദേശീയ സമരനിരയുടെ ആദർശോദ്ദേശങ്ങളെ സവിസ്തരം പ്രതിവാദിച്ചുകൊണ്ടു തിരൂർ പ്രചാരകൻ ജനാബ് ടി. അസ്സനാർകുട്ടി സാഹിബും, "മാപ്പിളമാരും, റിക്രൂട്ട്മെണ്ടും" എന്ന വിഷയത്തെ പുരസ്കരിച്ചു മലപ്പുറം ഗവർമ്മേണ്ട് മുസ്ലിം ട്രെയിനിങ്ങ് സ്കൂൾ ടീച്ചർ ജനാബ് പി. ഉമ്മർകുട്ടി സാഹിബും, ഭക്ഷ്യോല്പാദനം, ദേശീയ സമ്പാദ്യം തുടങ്ങി സമര മുന്നണിയുടെ നാനാവശങ്ങളെയും പരാമർശിച്ചുകൊണ്ടു സീനിയർ ഡിസ്ട്രിക്ട് ലക്ചറർ, ജനാബ് എം. വി. ആലിക്കോയ സാഹിബും, സാരവത്തായ ഓരോ പ്രസംഗം ചെയ്തു. അദ്ധ്യക്ഷൻെറ സാക്ഷിപൂർവ്വം, എന്നാൽ സരസപൂർണ്ണമായ ഉപസംഹാരപ്രസംഗത്തിന്നു ശേഷം മഞ്ചേരി പ്രചാരകൻ ജനാബ് കെ. പി. കുഞ്ഞിക്കോയ തങ്ങളുടെ നന്ദിപ്രകടനത്തോടുകൂടി അന്നത്തെ യോഗം അവസാനിച്ചു.


രണ്ടാം ദിവസം (മാർച്ച് 19-ാം തിയ്യതി) ഞായറാഴ്ചയായിരുന്നു അവസാന ദിവസം. അന്നത്തെ യോഗം തലേ ദിവസത്തേക്കാൾ വമ്പിച്ചതായിരുന്നു. മലപ്പുറം നേർച്ചയിലെ പ്രധാന ഇനമായ മേൽമുറിപ്പെട്ടി (വരവ്) കഴിഞ്ഞതോടുകൂടിയാണ് യോഗം ആരംഭിച്ചതു്. സമരമുന്നണിയുടെ പ്രചരണകേന്ദ്രത്തിൻെറ വർത്തമാനം നാടെങ്ങും പ്രചരിച്ചതിൻെറ ഫലമായി, "തങ്ങളുടെ കൊടി ആദ്യമാദ്യം കൊടിമരത്തിൽ ഏററണം" മെന്നുള്ള വാശിയോടുകൂടി മേൽമുറി വരവിലെ വിവിധ ഗോത്രങ്ങൾ നടത്തുന്ന മത്സരരംഗം കാണുവാനായി തടിച്ചുകൂടിയ ജനസമൂഹം ഒന്നായി യോഗത്തിലേക്കാകർഷിക്കപ്പെട്ടു.

മലപ്പുറം സബ്ബ്കലക്ടർ മി. ജെ. പി. എൽ. ഗ്വിൻ അവർകൾ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. പ്രോപ്പഗാൻഡിസ്റ്റ് ബാല്ലഡ് മാസ്റ്റർ മി. കെ. ആർ. കൃഷ്ണൻെറ പ്രാർത്ഥനാഗാനത്തിന്നു ശേഷം, അദ്ധ്യക്ഷൻ തൻെറ ഉപക്രമ പ്രസംഗം നിർവ്വഹിച്ചു. അനന്തരം യുദ്ധസ്ഥിതിയെ വിവരിച്ചുകൊണ്ടു മലപ്പുറം ഗവർമ്മേണ്ടു മുസ്ലിം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ജനാബ് സി. ഒ ടി. കുഞ്ഞിപ്പക്കി സാഹിബും, ഭക്ഷണസാധനങ്ങൾ അധികമായുണ്ടാക്കേണ്ടതിൻെറ ആവശ്യകതയെ പുരസ്കരിച്ചുകൊണ്ടു കോഴിക്കോട്ട ക്രിസ്ത്യൻ കോളേജ് മലയാളം പണ്ഡിററ് ശ്രീ സി. സൂര്യനെഴുത്തച്ഛനും, "പ്രചാരവേലയും പട്ടാളത്തിൽ ചേരലും" എന്ന വിഷയത്തെ പരാമർശിച്ചു സീനിയർ ഡിസ്ട്രിക്ട് ലക്ചറർ ജനാബ് എം. വി. ആലിക്കോയ സാഹിബും, സരസവും, സാരസമ്പൂർണ്ണവുമായ ഓരോ പ്രസംഗം ചെയ്തു. ജനാബ് ആലിക്കോയ സാഹിബിൻെറ ഉജ്ജ്വലമായ പ്രസംഗം സദസ്യരെ ആവേശം കൊള്ളിക്കുകയുണ്ടായെന്നതു് പ്രത്യേകം പ്രസ്താവ്യമാണ്. ശ്രീ കെ. ആർ. കൃഷ്ണൻെറ (ബാല്ലഡ് മാസ്റ്റർ) "രണഭേരി" എന്ന പദ്യം ചൊല്ലിക്കൊണ്ടുള്ള പ്രസംഗാനന്തരം അദ്ധ്യക്ഷൻ തൻെറ ഉപസംഹാര പ്രസംഗം നടത്തുകയുണ്ടായി. ഇംഗ്ലീഷിലുള്ള പ്രസംഗം പെരിന്തൽമണ്ണ പ്രചാരകൻ ജനാബ് കെ. കെ. മുഹമ്മദ് ശാഫീ സാഹിബ് മലയാളത്തിൽ പരിഭാഷപ്പെടുത്തി. മഞ്ചേരി പ്രചാരകൻ ജനാബ് കെ പി. കുഞ്ഞിക്കോയ തങ്ങളുടെ നന്ദിപ്രകടനാനന്തരം യോഗം സമംഗളം പര്യവസാനിച്ചു.

ഇക്കൊല്ലം മൂന്നു വിളയെടുത്തും മററും കൃഷി അധികരിപ്പിച്ചതിന്നു നാലാളുകൾക്കു ഏറനാട്ടു താസിൽദാരുടെ വകയായുള്ള സമ്മാനങ്ങൾ യോഗത്തിൽ വെച്ചു അദ്ധ്യക്ഷൻ നൽകുകയുണ്ടായി.

ഏറനാട്ട താസിൽദാർ മി. പി. പി. ഗോവിന്ദൻ, എ. എസ്സ്. പി. മി. എസ്സ്. ബാലകൃഷ്ണ ശെട്ടി മുതലായ ഉദ്യോഗസ്ഥന്മാരും, സ്ഥലത്തെ പൌരപ്രമാണികളും യോഗത്തിൽ സന്നിഹിതരായിരുന്നു.

(ദേശീയ സമരമുന്നണി വെൽവൂതാക!)




ബർമ്മ യുദ്ധ മുഖം

# പാലാട്ടു കോമൻ

[ഡാക്ടർ ചേലനാട്ടു് അച്യുത മേനോൻ, പി.എച്ച്.ഡി. (ലണ്ടൻ)]

(ഒരു പുരാതന കേരളീയ യോദ്ധാവിൻെറ ചരിത്രാംശം)

(തുടച്ച)

## രംഗം IV

(കുളക്കടവിൽ)

ഉണ്ണി: (ആത്മഗതം) പാലാട്ടെ പടിക്കൽ കണ്ട ആ ആൾ അവിടുത്തെയായിരിക്കാൻ തരമുണ്ടോ? കൊങ്കിയമ്മ പത്താമതു പെററതു് ഒരു പെൺകുട്ടിയായിരുന്നു എന്നും, അതു ആയിടക്കു തന്നെ മരിച്ചുപോയ് യെന്നു മല്ലെ കേട്ടതു്? ഇരിക്കുന്നയാൾക്കു കൊങ്കിയമ്മയുടെ നല്ല ഛായയുണ്ടു്. ഏതെങ്കിലും വലിയ സംബന്ധമായി. ജ്യേഷ്ഠത്തി മുമ്പെ പോയിട്ടുണ്ടു്. എന്തെല്ലാം ഉപദ്രവങ്ങളാണാവോ ഇനി ഉണ്ടാക്കിത്തീർക്കുക അദ്ദേഹം അവിടെത്തന്നെ ഇരിക്കുന്നുവോ, ആവോ? ഒന്നു നോക്കിക്കളയാം (കേറി നോക്കുന്നു.) ഓഹോ, ഇങ്ങോട്ടു വരുന്നുണ്ടല്ലൊ. (കീഴ്പട്ടു വെള്ളത്തിലേക്കു തന്നെ യിറങ്ങുന്നു).

കോമൻ: (പ്രവേശിച്ചു്) എൻെറ വക തിരിവില്ലായ്മ പൊറുക്കണം.

ഉണ്ണി: പൊറുക്കാനും വെറുക്കാനും ഇവിടെ യെന്താ ഉണ്ടായതു്?

കോമൻ: വഴിക്കോ നോക്കിനിന്നു: കുളക്കടവിലും വന്നു ചാടി എന്നു വിചാരിക്കരുതു്.

ഉണ്ണി: എല്ലാവക്കും വരുന്നതിന്നായല്ലേ കുളക്കടവു്?

കോമൻ: പക്ഷെ സല്ലാപത്തിന്നു പററാത്തതല്ലേ?

ഉണ്ണി: കുളത്തിൽ വരുന്നതു കുളിക്കാനാണെന്നേ കരുതിയുള്ളു. വേറെ ഉദ്ദേശങ്ങളുണ്ടെന്നു അറിയുകയുണ്ടായില്ലാ.

കോമൻ: ചിലതു് അറിയിക്കാൻ തന്നെയാണു് ഇങ്ങോട്ടു വന്നതു്. അതു ഉടനെ വേണമെന്നും തോന്നി.

ഉണ്ണി: ഇത്ര അടിയന്തരകാര്യമെന്താ കുടിപ്പകയുള്ള വീട്ടുകാരുമായിട്ടു്? പാലാട്ടു വീട്ടുകാരും തൊണ്ണൂറാം വീട്ടുകാരും തമ്മിലുള്ള സ്ഥിതി അറിഞ്ഞുകൂടെ?

കോമൻ: ഈ രൂപം കണ്ടപ്പോൾ എൻെറ മനസ്സിൽ ആദ്യം തോന്നിയതു പകയല്ല, വേറൊന്നാണു്. അതു പകവെക്കുമോ എന്നേ എനിക്കറിയേണ്ടതുള്ളു.

ഉണ്ണി: പകവെച്ചതുകൊണ്ടു മാത്രം മതിയോ? പകയുള്ളവർ പ്രതിബന്ധമായാലൊ?

കോമൻ: പ്രതിബന്ധം കണ്ടു്, കാര്യം വേണ്ടെന്നു വെക്കുന്നതു ആണിന്നും പെണ്ണിന്നും ചേർന്നതല്ല.

ഉണ്ണി: ആണിൻെറ കാര്യം ഉറച്ചൊ?

കോമൻ: ഓ, ഉറച്ചു.

ഉണ്ണി: എന്നാൽ പെണ്ണും പിന്നോക്കം മാറില്ല. (അല്പം പരിഭ്രമിച്ചു) അതാ അങ്ങോട്ടു നോക്കു. ഉറപ്പു പരീക്ഷിക്കാൻ ഉടനെ ഒരുങ്ങാം. ആ വരുന്നതു എൻെറ ആങ്ങളമാരാണു്. ജ്യേഷ്ഠത്തി പറഞ്ഞിട്ടു് വരുന്നതായിരിക്കണം. പക വീട്ടാനുള്ള വരവാണു്. പാലാട്ടെ തറവാട്ടിൽ ആണുണ്ടായിട്ടുള്ള കഥ ഇന്നേ അവരറിവാൻ ഇടയായിട്ടുള്ളു.

കോമൻ: ഈ വരവു കണ്ടു ക്രുദ്ധനാവനല്ല കോമൻ. അങ്ങോട്ടു തന്നിട്ടുള്ള ഹൃദയം സൂക്ഷിക്കാനൊരുക്കമില്ലെങ്കിൽ പിന്നത്തെ കഥയേ ആലോചിക്കേണ്ടതുള്ളു.

ഉണ്ണി: അതാലോചിക്കാൻ നമുക്കിനിയും സമയമുണ്ടു്. തല്ക്കാലം ഞാൻ പറയുന്നതു കേൾക്കണം.

കോമൻ: തല്ക്കാലമല്ല, എക്കാലവും.

ഉണ്ണി: ഇങ്ങോട്ടിറങ്ങി വരു. (എന്നു പറഞ്ഞു കോമനെ വെള്ളത്തിലിറക്കി പിന്നിൽ തൻെറ തലമുടിയുടെ ഇടയിൽ ഒളിപ്പിക്കുന്നു.)

(ആങ്ങളമാർ പ്രവേശിക്കുന്നു.)

മൂത്തകുറുപ്പ്: ഇപ്പോൾ ആരെങ്കിലും ഇവിടെ കുളിക്കുവാൻ വന്നുവോ?

ഉണ്ണി: കുളത്തിൽ ആരൊക്കെയാണു കുളിക്കുവാൻ വരുന്നതെന്നു ഞാൻ നോക്കാറില്ല.

മൂ. കു.: ഉണ്ണിച്ചിരുത പറഞ്ഞല്ലൊ പാലാട്ടു നിന്നു ഒരു ചെറുപ്പക്കാരൻ വന്നിട്ടുണ്ടെന്നു്.

ഉണ്ണി: ജ്യേഷ്ഠത്തി കണ്ടിട്ടുണ്ടായിരിക്കാം. ഞാൻ നോക്കീട്ടുമില്ല, കണ്ടിട്ടുമില്ല.

രണ്ടാമൻ കുറുപ്പ്: ഉണ്ണി കുളിക്കുന്ന കടവിൽ തന്നെ ഒന്നു തിരഞ്ഞു നോക്കണം.

(ആങ്ങളമാർ അതിന്നൊരുങ്ങുന്നു.)

ഉണ്ണി: ഞാൻ പെങ്ങളും നിങ്ങൾ ആങ്ങളമാരുമാണെന്ന വസ്തുത മറക്കരുതു്. ഞാൻ പറയുന്നതു വിശ്വസിക്കുവാൻ തയ്യാറില്ലെങ്കിൽ ഇഷ്ടംപോലെ ചെയ്യാം.

ഇളയകുറുപ്പ്: ആരെങ്കിലും ഉണ്ടെങ്കിൽ ഇവിടെ നിന്നു നോക്കിയാൽ തന്നെ കണ്ടുകൂടേ? ഉണിച്ചിരുത എന്തോ തെററിദ്ധരിച്ചു പറഞ്ഞതായിരിക്കണം. ആ പോകുന്നതാരാണു് (എല്ലാവരും അങ്ങോട്ടു നോക്കി ഓടുന്നു.

കോമൻ: (പുറത്തുവന്നു്) എൻെറ ഉണ്ണി, എനിക്കൊന്നും പറയാനില്ല. ഇതുവരെ എൻെറ ഹൃദയമേ അങ്ങോട്ടു തരികയുണ്ടായുള്ളു. ഇനി എൻെറ ജീവനും കൂടി അങ്ങോട്ടു തന്നെ അർപ്പിച്ചേക്കാം.

ഉണ്ണി: അതെല്ലാമിരിക്കട്ടെ, തല്ക്കാലം ഒരാപത്തുകൂടാതെ ഞാൻ കഴിച്ചു. ഇനി അതു വരാതെ സൂക്ഷിക്കേണ്ടതു അങ്ങയുടെ ഭാരമാണു്

കോമൻ: അതു പറയണോ?

ഉണ്ണി: വല്ല വിധത്തിലും നാം തമ്മിലുള്ള പ്രണയബന്ധം പരസ്യമായാൽ എന്നെ ആങ്ങളമാർ ജീവനോടെ വെച്ചേക്കുകയില്ല. നേരിട്ടു മുട്ടിയാൽ അവർ അങ്ങയേയും വെറുതെ വിടുമെന്നു വിചാരിക്കേണ്ട. നമ്മൾ രണ്ടുപേരുടെയും സ്ഥിതി ഇന്നു കഴിഞ്ഞാൽ ഇന്നു്, നാളെ കഴിഞ്ഞാൽ നാളെ എന്ന തരത്തിലായി. ഇത്രമാത്രമെ എനിക്കു പറയുവാനുള്ളു.

കോമൻ: അപായം ചിന്തിക്കുവാൻ തുടങ്ങിയാൽ പിന്നെ നമുക്കു സുഖമുണ്ടോ? ഈ സമ്മേളനത്തിന്നു യോഗം വരുത്തിയ ദൈവം നമ്മുടെ സുഖപരിപൂർത്തിക്കും സഹായിക്കാതിരിക്കില്ല. മനുഷ്യനാലുണ്ടാവുന്ന അനത്ഥങ്ങൾക്കു മനുഷ്യൻ തന്നെ മതി പ്രതിവിധിക്കും. അതുകൊണ്ടു അപായചിന്ത മതിയാക്കി ഇഷ്ടം നേടുവാനുള്ള ഉപായങ്ങളാലോചിക്കൂ. ഞാനിന്നു രാത്രി അവിടെയെത്തും.

ഉണ്ണി: ഇനി നമുക്കു രണ്ടുപേക്കും ഒരേ അഭിപ്രായമേ ഉണ്ടാകയുള്ളു. അവിടെ വരുന്നതിന്നു ചില വൈഷമ്യങ്ങളൊക്കെയുണ്ടു്. പടിക്കൽ രണ്ടാനയുണ്ടു്, തൊഴുത്തിൽ കൂററനുണ്ടു്, ഉമ്മറത്തെ ചുവരിന്മേൽ മുതലൻ പൂച്ചയുണ്ടു്, മിററത്തു കരിനാഗങ്ങളുണ്ടു്, തുമ്പിയാൽ കടിക്കുന്ന നായ്ക്കളുണ്ടു്, മുല്ലത്തറക്കൽ അരയന്നം, താഴ്വാരത്തിൽ തത്തഇവയുമുണ്ടു്. പരിചയമില്ലാത്തവർ ആ വളപ്പിൽ കടന്നാൽ, ആന പീരി ഇടും, കൂററൻ മുക്രയിടും, മുതലൻ മുരളും, പാമ്പു ചീറും, നായ കുരക്കും, തത്ത പടപറയും, അതുകൊണ്ടു് അവയെ ഇണക്കണം. ആനക്കു കരിമ്പു്, കൂററനു പുല്ലു, മുതലനു് ഇറച്ചി, പാമ്പിനു തവള, നായ്ക്കൾക്കു നാളികേരം, തത്തക്കു പഴം ഇവ കൊടുത്തു കിഴക്കുപുറത്തുള്ള ഇരഞ്ഞിയുടെ ചുവട്ടിൽ വന്നു നിന്നോളൂ. അവിടെ എന്നെ കണ്ടിട്ടില്ലെങ്കിൽ പടിഞ്ഞാറു പുറത്തുള്ള കതുവാഴത്തോട്ടത്തിലെത്തണം. വാഴയുടെ തണ്ടൊടിച്ചാൽ ഞാനറിഞ്ഞുവരാം. അല്ലെങ്കിൽ ഇല ചീന്തിയാൽ മതി. എന്നാൽ ഞാനറിയും. എന്നാൽ —ഇനി—രാത്രി— വരുന്ന ഞാനുണ്ണുകയുള്ളു.

കോമൻ: (ചിരിച്ചുകൊണ്ടു്) സാധാരണ സംബന്ധത്തിന്നു വരുന്നയാൾ വെററിലയും മററും കൊണ്ടുവരിക എന്നാണു് കേട്ടിട്ടുള്ളതു്.

ഉണ്ണി: ഇതു സാധാരണ രീതിയിലുള്ളതല്ലല്ലൊ. (ഉണ്ണിയും ചിരിക്കുന്നു).

(രണ്ടുപേരും പോകുന്നു.)

(കട്ടൻ)

## രംഗം V

(കൊങ്കിയമ്മയുടെ വീട്ടു്.)

കൊങ്കിയമ്മ: ഇവൾ എവിടെ പോയി! ഇവിടെയെങ്ങും കാണുന്നില്ലല്ലൊ.

വേലത്തി (പ്രവേശിച്ചു്): അല്ലാ, തമ്പിരാട്ടി ഒന്നും അറിഞ്ഞില്ലെ? ഇതുവരെ തമ്പിരാട്ടി പൊതിഞ്ഞുവെച്ച തമ്പിരാൻ ഇപ്പോൾ എങ്ങോട്ടാണു് പോയതെന്നു മനസ്സിലായൊ? ആ കുളത്തിലേക്കു്. തൊണ്ണൂറാം വീട്ടിലെ ഉണ്ണിയമ്മ തമ്പിരാട്ടി ഉണ്ടവിടെ. അവർ കുളത്തിന്നു കേറിട്ടും ഇല്ല.

കൊ. അ. : അല്ല; അവിടെ എത്തിയൊ? നല്ല തായ്‌രായി. ഒന്നെയുള്ളു എന്നു വിചാരിച്ചു ഓമനിച്ചതിന്റെ ഫലമാണിതു്. ചെക്കന്റെ ആ പടിക്കൽ പോയി ഇരിക്കലും, ആ സമയം നോക്കി ആ ദേവസ്ത്രീകളുടെ വരവും ഒക്കെ കണ്ടപ്പോൾ തന്നെ ഉറച്ചിട്ടുണ്ടു് എന്തൊക്കെയൊ ചില തുണ്ടാവുമെന്നു്. എന്തു ചെയ്യാനാ. എനിക്കു എന്നും അവന്റെ പിന്നാലെ നടക്കാൻ സാധിക്കോ? വരുന്നതുവരട്ടെ! ഈയുള്ളവൾക്കു ഒരു കാലത്തും തായ്‌രം പാടില്ലെന്നാണു് ഈശ്വരൻ വിധിച്ചിട്ടുള്ളതു്.

വേലത്തി : തമ്പിരാന്റെ പാടത്തുകൂടിയുള്ള പോക്കു് അടിയൻ സൂക്ഷിച്ചു നോക്കി. അങ്ങുമിങ്ങും നോക്കാതെ ആലും ചരടും ഇട്ടു പിടിച്ചപോലെ നേരെ കുളത്തിലേക്കാണു പോയതു്. ഉണ്ണിയമ്മ തമ്പിരാട്ടി മാത്രെ അപ്പോഴുണ്ടായിരിക്കു. വലിയ തമ്പിരാട്ടി മുമ്പേ പോയി. അവർ വീട്ടിൽ എത്തേണ്ട താമസം, അതാ വരുന്നു കുറുപ്പമ്പിരാക്കന്മാർ!

കൊങ്കിയമ്മ (പരിഭ്രമിച്ചു) : അല്ലാ, അവർ ചതിച്ചോ?

വേലത്തി : അതൊന്നും ഉണ്ടായില്ല. അടിയൻ സൂക്ഷിച്ചു നോക്കീരുന്നു; കുറുപ്പമ്പിരാക്കന്മാരെ ദൂരത്തിന്നു കണ്ടപ്പോ, തമ്പിരാൻ, തമ്പിരാട്ടിമാർ കുളിക്കണെ കടവിലേക്കിറങ്ങണെ കണ്ടു. അവർ കുളത്തിൽ തിരയുന്നതുപോലെ എന്തൊക്കൊ കാട്ടി. ഒടുക്കം മറെറന്തോ ലാക്കുനോക്കി ഓടിപ്പോകുന്നതും കണ്ടു. അല്ലാതെ അവിടെവെച്ചു ശണ്ഠയൊന്നും നടന്നിട്ടില്ല. പക്കേ, ഉണ്ണിയമ്മ തമ്പിരാട്ടി ഇനിയും കുളിച്ചു കേറീട്ടില്ല.

കൊ. അ. : എനിക്കു ഇനി ഒന്നും കേൾക്കണ്ടാ. (ഈ ഘട്ടത്തിൽ കോമൻ അവിടെ എത്തുന്നു. വേലത്തി പോകുന്നു). എന്താ മോനെ, വിട്ടാൽ കൂളി പയററിൽ എന്നമട്ടായി അല്ലേ? എന്താ ഉണ്ണിയെ കുളിപ്പിക്കാൻ പോയേ? ഇനി എന്റെ കുട്ടിക്കു ചോരയിലൊന്നു കുളിക്കാം. പുറപ്പാടു നന്നു്!

കോമൻ : പുറപ്പാടിൽ ഒന്നും തകരാറായിട്ടില്ല. അമ്മ അതുകൊണ്ടു പേടിക്കണ്ട.

കൊ. അ. : എന്റെ മോനെ, നീ അമ്മയെ പഠിപ്പിക്കാൻ പുറപ്പെടുകയായിരിക്കാം. നിന്നെ ഇത്രത്തോളമാക്കിയില്ലേ? അതിന്നു ഞാൻ അനുഭവിച്ച ദണ്ഡം നിനക്കറിയോ? (കൊങ്കിയമ്മയുടെ തൊണ്ട ഇടറുന്നു. കണ്ണിൽ വെള്ളം നിറയുന്നു. കോമൻ അമ്മയുടെ കാല്ക്കൽ വീഴുന്നു) കുട്ടീ ഞാൻ നിന്നെ ദേഷ്യപ്പെടുകയല്ല. എന്റെ മകനു വ്യസനം വേണ്ട. കാലവും സ്ഥിതിയും അറിയാതെ പെരുമാറുന്നതുകണ്ടു സങ്കടം തോന്നി. അതുകൊണ്ടു ഞാൻ പറഞ്ഞതാണു്.

കോമൻ : അമ്മെ, അമ്മയ്ക്കും, ഈ തറവാട്ടിന്നോ, എനിക്കും അവമാനം വരുത്തുന്ന യാതൊന്നിലും ഞാൻ പ്രവേശിക്കുകയില്ല. ആയുസ്സു ഈശ്വരൻ വിധിച്ചതാണു്.

കൊ. അ. : അതുതന്നെയാണു് എന്റെയും സമാധാനം. നീ കഞ്ഞി കുടിച്ചില്ലല്ലൊ.

കോമൻ : ഇല്ല.

കൊ. അ. : എന്നാൽ വരു.

(കർട്ടൻ.)

## രംഗം VI

(ഉണ്ണിയും കോമനും പ്രവേശിക്കുന്നു)

ഉണ്ണി : ഇത്ര ക്ഷമയില്ലാതായാലൊ. ആങ്ങളമാരെല്ലാം പോവുന്നതിന്റെ മുമ്പു വന്നതുകൊണ്ടു അവരെല്ലാം പലതും സംശയിക്കുകയുണ്ടായി. അതിനൊക്കെ ഞാൻ ഉടനടി മറുപടി കൊടുത്തിരുന്നില്ലെങ്കിൽ ഈ കാഴ്ച ജീവനോടുകൂടി ആയിരിക്കുമൊ എന്നു സംശയമാണു്.

കോമൻ : അതുറച്ചിട്ടുതന്നെയാണു് ഞാനും വന്നതു്. ആങ്ങളമാർ അറിഞ്ഞുകണ്ടുപോയാൽ പകവീട്ടുവാൻ ശ്രമിക്കും. പഠിച്ച ചൂടുമാറാതിരിക്കുന്ന അടവുകൾ പ്രയോഗിക്കാൻ അപ്പോൾ അവസരവുമായി. ജീവനോടേ കാണ്മാൻ സാധിക്കുമൊ എന്നു് പരീക്ഷിക്കാതെ വിടുവാൻ തരമുണ്ടോ? എന്റെ ഭാഗത്തേക്കു ഒരാളു ഇവിടെ ഉണ്ടെന്നു സമാധാനവുമുണ്ടല്ലൊ. കണ്ടു അന്നുണ്ടായ അനുരാഗം കണ്ടൊഴിക്കുവാൻ തക്ക ബുദ്ധിഹീനനല്ല ഞാൻ.

ഉണ്ണി : എനിക്കു ആങ്ങളമാർ ഒമ്പതു പേരുണ്ടു്. ഒരാൾ ഒമ്പതാളോടു പടവെട്ടി നില്ക്കുമൊ?

കോമൻ : അതുംകൂടി പരീക്ഷിച്ചതിന്നു ശേഷമെ അധീനമാവുകയുള്ളു എങ്കിൽ അതിന്നും സന്നദ്ധമുണ്ടാകുമെന്നു തോന്നുന്നു.

ഉണ്ണി : അത്ര കഠിനമായ ഹൃദയം എനിക്കില്ല.

കോമൻ : എനിക്കും ഇല്ല. അററ കയ്യിന് അതും എന്നേയുള്ളു.

ഉണ്ണി : ഊണുകഴിക്കല്ലേ?

കോമൻ : പകലൂണു കഴിഞ്ഞിട്ടാണു് പോന്നതു്.

ഉണ്ണി : ഇതും ഊണുള്ള ദിക്കാണെന്നു വിചാരിച്ചില്ലേ.

കോമൻ : നാട്ടുകാരറിഞ്ഞതിന്നുശേഷം ഊണിവിടെ.

ഉണ്ണി : എങ്ങോട്ടാണു പോകുന്നതെന്നു അമ്മ ചോദിച്ചുവോ?

കോമൻ : അമ്മ ചോദിച്ചു. അപ്പോൾ ഇരുവനാട്ടുകാവിൽ ഒരു ഭദ്രകാളിപ്പാട്ടുണ്ടെന്നു പറഞ്ഞു ചാടി.

ഉണ്ണി : അപ്പോൾ ഒരു നുണ പെററമ്മയോടു പറഞ്ഞു ഇല്ലെ?

കോമൻ : ഇന്നു ആങ്ങളമാരോടെത്ര കഴിഞ്ഞു? ഞാനൊന്നല്ലെ പറഞ്ഞുള്ളു?

ഉണ്ണി : "വേളിക്കും വൃത്തിരക്ഷക്കും
പൊളി നിന്ദിതമല്ലെടോ" എന്നു്
പ്രമാണമുണ്ടു്.

കോമൻ : ആ പ്രമാണം പെണ്ണുങ്ങൾക്കായി മാത്രമുള്ളതല്ലല്ലൊ.

ഉണ്ണി : അപ്പോൾ നുണ പറയുന്നതിന്നു മേലെക്കിട ആരാണു്?

കോമൻ : അതു സമ്മാനം തരുന്ന സമയം തീർച്ചയാക്കിയാൽ മതിയല്ലൊ.

ഉണ്ണി : ഇങ്ങിനെ സംസാരിച്ചിരുന്നാൽ എന്റെ വിശപ്പുമാറില്ല. വരുമെന്നു കരുതി ഞാൻ ചിലതൊക്കെ തെയ്യാറാക്കിയിട്ടുണ്ടു്. അതു കഴിക്കയല്ലെ?

കോമൻ : എന്റെ കണ്ണുനിറഞ്ഞപ്പോൾ വയറും നിറഞ്ഞു.

ഉണ്ണി : മുൻകൂട്ടി ഊണു കഴിച്ചതുകൊണ്ടു, ഇങ്ങിനെ മുഖസ്തുതി പറവാൻ ആരാണു പഠിപ്പിച്ചതു്? പുരുഷന്മാൎക്കിതു സഹജമാണു്.

കോമൻ : പെണ്ണുങ്ങൾ മുഖസ്തുതി കേൾക്കാൻ ഒരുങ്ങുമ്പോൾ ആണുങ്ങൾ പറയാനും ഒരുങ്ങണ്ടെ?

ഉണ്ണി : പറയുന്നതൊക്കെ ഇങ്ങിനെയാണോ?

കോമൻ : ഈ ചോദ്യംതന്നെയാണു് അങ്ങോട്ടും ചോദിക്കാനുള്ളതു്. നാം തമ്മിൽ യാതൊരു ഭേദവുമില്ലെന്നാണു് എന്റെ വിശ്വാസം.

ഉണ്ണി : വിശ്വാസത്തിന്നു കുറവു എനിക്കും ഇല്ല. ഇതാ ഈ പലഹാരങ്ങൾ മുഴുവൻ തിന്നണം.

കോമൻ : ഇനി എനിക്കു തന്നെയായിട്ടു ഒന്നും ഇല്ല. നാം എന്തു കാൎയ്യത്തിലും അന്യോന്യം പങ്കുകൊള്ളേണ്ടവരല്ലെ. ഇതിലും അങ്ങിനെവേണം.

ഉണ്ണി : ഞാനല്ലെ ഉണ്ടാക്കിത്തന്നതു്, "മതാപഹാരം, പാടില്ലല്ലൊ.

കോമൻ : ഉണ്ടാക്കിയ ആൾക്കു തന്നല്ലാതെ തിന്നാനും രസമില്ല.

ഉണ്ണി : ഇങ്ങിനെ രാഗംപാടി വെളിച്ചാക്കിയാൽ പററില്ലല്ലൊ. ഇതാ തിന്നു.

കോമൻ : മധുരത്തോടു മധുരം.

ഉണ്ണി : എന്താ ഇരട്ടിമധുരമായൊ?

(അണിയറയിൽനിന്നു്)

ഉണിച്ചിരുത : എന്താ ഉണ്ണി നിന്റെ മുറിയിൽ ഇത്ര കോലാഹലം? നീ മാത്രമല്ലെ അതിലുള്ളു?

ഉണ്ണി : അതേ.

ഉണിച്ചിരുത : നീ തന്നെത്താൻ ചിരിക്കുന്ന ശബ്ദമാണൊ ഈ കേട്ടതു്. എന്താ ഭ്രാന്തുണ്ടോ നിനക്കു്?

ഉണ്ണി : ഭ്രാന്തൊന്നും തുടങ്ങീട്ടില്ല. അടച്ചു വെച്ചിരിക്കുന്ന പാലു് കുടിക്കുവാൻ പൂച്ചവന്നു. ആ സമയം ഒരെലി ആ വഴിക്കു ചാടിഎത്തി. പൂച്ച ഉടനെ അതിനെ പിടിക്കാൻ തിരിഞ്ഞു. ഇവർ തമ്മിൽ ജാത്യാ വൈരമുണ്ടായതുകൊണ്ടു ഞാൻ അടച്ചുവെച്ച പാലു് പോകാതെ കഴിഞ്ഞുവല്ലൊ എന്നു വിചാരിച്ചു എനിക്കു താനെ ചിരിവന്നു. പൂച്ചയും എലിയും തമ്മിൽ എന്തിനാണു് ഇങ്ങിനെ വിരോധം ഏടത്തി?

ഉണിച്ചിരുത : നാം എന്തിനാണു് ചിലപ്പോൾ ചിലരെ സ്നേഹിക്കുന്നതും, ചിലരെ വെറുക്കുന്നതും, അതുപോലെതന്നെ ഇതും. ആട്ടെ, അതൊക്കെ നാളെ വിസ്തരിക്കാം.

കോമൻ : (പതുക്കെ) എന്താ ഉണ്ണി ജ്യേഷ്ഠത്തിക്കു വല്ല സംശയവും ജനിച്ചിട്ടുണ്ടോ?

ഉണ്ണി : ജ്യേഷ്ഠത്തിക്കു തന്റെ കാൎയ്യം അന്വേഷിച്ചാൽ പോരേ?

കോമൻ : ഒരു ശത്രു ഇവിടെത്തന്നെയുണ്ടെന്നു കരുതി ഇനിമേൽ പ്രവൎത്തിച്ചുകൊള്ളുക.

(കർട്ടൻ.) (തുടരും)

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.